പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ : പ്രസ് ചെയ്യുന്നില്ല.

മിസ്റ്റർ സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച ഭേദഗതി സഭ പിൻവലിച്ചിരിക്കുന്നു.

2005-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ സോഷ്യൽ സർവ്വീസസ് സംബന്ധിച്ച് VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(6) 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): ഇങ്ങനെ ഒരു ബിൽ ഇവിടെ കൊണ്ടുവരാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് വളരെ ദീർഘമായി ഞാൻ പറയുന്നില്ല. ഇങ്ങനെ ഒരു നിയമം അനിവാര്യമായി വന്ന സാഹചര്യം എല്ലാവർക്കുമറിയാവുന്നതാണ്. നമുക്ക് ഇന്ന് ആട്ടോണമസ് കോളേജുകളും ആട്ടോണമസ് ഡിപ്പാർട്ടുമെന്റുകളും ആവശ്യമാണ്. ഇൻഡ്യയിൽ ആട്ടോണമസ് സ്റ്റാറ്റസ് കൊടുത്ത എല്ലാ യൂണിവേഴ്സിറ്റികളും വളരെ നന്നായി ഉയർന്നുവന്നിട്ടുണ്ട്. അതുകൊണ്ട് ചില കോളേജുകൾക്ക് യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റിൽ നിന്നുതന്നെ ആട്ടോണമസ് സ്റ്റാറ്റസ് കൊടുക്കുന്നതിനുവേണ്ടിയുള്ള പ്രൊവിഷൻ ഈ നിയമത്തിലുണ്ട്.

(അദ്ധ്യക്ഷവേദിയിൽ ചെയർപേഴ്സൺ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ)

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിന്റെ മറ്റൊരു ആവശ്യം എന്നുപറയുന്നത് അൺ എയിഡഡ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് യൂണിവേഴ്സിറ്റികൾക്ക് ചില കാര്യങ്ങൾ നിർബന്ധിപ്പിക്കുവാൻ ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. അതുപോലെ തന്നെ അധ്യാപകരുടെ ക്വാളിഫിക്കേഷൻ സംബന്ധിച്ച് വ്യക്തമായ നിബന്ധനകൾ വരുത്തുവാൻ ഈ നിയമം പാസ്സാകുകയാണെങ്കിൽ യൂണിവേഴ്സിറ്റിക്ക് വ്യക്തമായ അധികാരങ്ങൾ കിട്ടുന്നതാണ്. സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി നോക്കുകയാണെങ്കിൽ സെനറ്റിൽ നിന്നാണ് സിൻഡിക്കേറ്റിലേയ്ക്ക് വരുന്നത്. പക്ഷെ സെനറ്റിന്റെ കാലാവധി കഴിഞ്ഞിട്ടും സിൻഡിക്കേറ്റ് നിലനിൽക്കുന്ന വിചിത്രമായ സംഗതിയുണ്ട്. അതുകൊണ്ട് സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി co-terminous ആക്കുന്നതാണ് ഇതിന്റെ . മറ്റൊരു പ്രധാന സംഗതി എന്നുപറയുന്നത്. മറ്റൊന്ന് സാമ്പത്തികബാധ്യതയുള്ള പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്ന സമയത്ത് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്നുള്ളതാണ്. അത് ഇഫക്ടീവ് ഫിനാൻഷ്യൽ മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അനിവാര്യമായിട്ടുള്ള ഒരു സംഗതിയാണ്. കണ്ണൂർ യൂണിവേഴ്സിറ്റിയിൽ ഒരു പ്രതിസന്ധി ഉണ്ടായിരുന്നു, അതായത് സെനറ്റ് അവിടെ നിലവിൽ ഉണ്ടായിരുന്നില്ല. സെനറ്റ് നിലവിൽ ഇല്ലാത്തതുകൊണ്ട് സെനറ്റിൽ നിന്നുള്ള പ്രതിനിധിയെ വച്ചുകൊണ്ട് വൈസ് ചാൻസലറെ നിയമിക്കാൻ സാധിക്കാതെ വന്നു, മറ്റു പല പ്രശ്നങ്ങളും വന്നു. സെനറ്റിലെ അധികാരങ്ങൾ കണ്ണൂർ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാക്കുന്നു എന്നതാണ്. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ കാലാവധി 2004 ജനുവരിയിൽ കഴിഞ്ഞതാണ്, അതുപോലെതന്നെ കോഴിക്കോട് യൂണിവേഴ്സിറ്റിയുടേത് 2003 ഡിസംബറിൽ കഴിഞ്ഞതാണ്. കാലാവധി കഴിഞ്ഞിട്ടും ആ സിൻഡിക്കേറ്റുകൾ തുടരുകയായിരുന്നു. അവർക്കുപോലും ഒന്ന് ഒഴിഞ്ഞ് കിട്ടിയാൽ മതിയെന്നുള്ള സ്ഥിതി വന്നിരുന്നു. സെനറ്റിൽ നിന്നാണ് സിൻഡിക്കേറ്റിലേയ്ക്ക് വരുന്നത്. സെനറ്റിന്റെ കാലാവധി കഴിഞ്ഞിട്ടും ഒന്നര രണ്ടു വർഷം തുടരുന്ന സംവിധാനം ശരിയല്ല എന്നതുകൊണ്ട് അത് ഡിസോൾവ് ചെയ്യുന്നതിനു വേണ്ടിയിട്ടുള്ള തീരുമാനവും ഇതിലുണ്ട്. അത് ഡിസോൾവ് ചെയ്തുകൊണ്ടുതന്നെ ഇഷ്ടംപോലെ ആളുകളെ എടുക്കുകയല്ല, യൂണിവേഴ്സിറ്റിയുടെ പരിധിയിൽനിന്നുള്ള ഒരു എം.എൽ.എ., രണ്ട് സർക്കാർ കോളേജ് അധ്യാപകർ, അതിൽ ഒരാൾ എസ്.സി./എസ്.ടി., എയിഡഡ് കോളേജിൽ നിന്നുള്ള അധ്യാപക പ്രതിനിധി, സർവ്വകലാശാലയിൽ നിന്ന് ഒരു അധ്യാപക പ്രതിനിധി, സർവ്വകലാശാല യൂണിയൻ ചെയർമാൻ എന്നീ ആളുകളെ കൂടി വച്ചുകൊണ്ട് ആറ് മാസം മാത്രം പ്രവർത്തിക്കുന്ന ഒരു താൽക്കാലിക സിൻഡിക്കേറ്റ് ഉണ്ടാക്കുകയും അതോടുകൂടി തെരഞ്ഞെടുപ്പ് നടത്തി പഴയ വ്യവസ്ഥിതി കൊണ്ടുവരികയും ചെയ്യുകയാണ്. ബാക്കി ഒന്നിനും മാറ്റമില്ല. ഇത് താൽക്കാലികമായി ആറ് മാസം നിലനിൽക്കുന്ന ഒരു സംവിധാനമാണ്. മറ്റൊരു സംഗതി ഗ്രാഡ്വേറ്റ് കോൺസ്റ്റിറ്റ്യൂവൻസി എന്ന സംവിധാനം ഉണ്ടായിരുന്നു, അതിപ്പോൾ വേണ്ടെന്നുവച്ചിരിക്കുകയാണ്. അതിനെപ്പറ്റി ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. നമ്മളെല്ലാം സംസാരിക്കാറുള്ളത് യൂണിവേഴ്സിറ്റി ജനാധിപത്യത്തെക്കുറിച്ചാണ്. ഇവിടെ നടക്കുന്നത് എന്താണെന്ന് എല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly

അറിയാം, ഒരുപക്ഷേ പരസ്യമായി ആളുകൾ സമ്മതിക്കുമോ എന്ന് എനിക്കറിയില്ല. യൂണിവേഴ്സിറ്റി തുടങ്ങിയ കാലത്ത് ഗ്രാഡ്വേറ്റ്സ് വളരെ കുറവായിരുന്നു. അന്നൊക്കെ നമ്മുടെ പേരിന്റെകൂടെ ബി.എ., ബി.ടി., അല്ലെങ്കിൽ എൽ.എൽ.ബി., എം.എ., എന്നൊക്കെ എഴുതാറുണ്ടായിരുന്നു. ഗ്രാഡ്വേറ്റ്സിന്റെ റെപ്രസന്റേഷൻ ഉണ്ടാകണമെന്നത് യുഗങ്ങൾക്കു മുമ്പ് ഉണ്ടായിരുന്ന ഒരു കൺസെപ്റ്റ് ആയിരുന്നു. ഇന്ന് കാലം മാറി, എല്ലാവരും ഡിഗ്രിക്കാരായി. എന്നുമാത്രമല്ല, ആയിരക്കണക്കിന് ബിരുദധാരികൾ ഓരോ യൂണിവേഴ്സിറ്റിയുടെയും പരിധിയിൽ ഉണ്ട്. ഇപ്പോൾ നടക്കുന്നത് എന്താണ്? ജനാധിപത്യത്തെ എങ്ങനെ ധ്വംസിക്കാം എന്ന് ആരെങ്കിലും പഠിക്കാൻ ആഗ്രഹിക്കുന്നുണ്ട് എങ്കിൽ ഈ വോട്ട് കച്ചവടം എങ്ങനെയാണ് ഗ്രാഡ്വേറ്റ് കോൺസ്റ്റിറ്റ്യുവൻസിയിൽ നടക്കുന്നത് എന്നകാര്യം പരിശോധിച്ചാൽ മതി. അതായത് 50 ഉറുപ്പിക എന്നാണ് തോന്നുന്നത്. I am subject to correction. 50 ഉറുപ്പിക ഫീ അവിടെ അടച്ചാൽ ആർക്കും രജിസ്റ്റർ ചെയ്യാം. കക്ഷി നേരിട്ട് വന്നുകൊള്ളണമെന്നില്ല. രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ പിന്നെ കെയറോഫിൽ ചേർക്കാം, ആയിരക്കണക്കിന് വോട്ട് അവിടെനിന്ന് അയയ്ക്കും സ്ഥാനാർത്ഥിയായി നിൽക്കുന്നത് ആരാ ആകട്ടെ, ഇന്ന ആള് പിടിക്കും എന്ന് ഞാൻ പറയുന്നില്ല. ഏത് മുന്നണിയിൽപ്പെട്ടവരാണെങ്കിലും ശരി വോട്ട് ഒന്നിച്ചങ്ങ് പിടിക്കും. കക്ഷി അറിയുന്നേയില്ല. ഞാൻ ആർക്കാണ് വോട്ട് ചെയ്തത് എന്നുപോലും ശരിക്ക് അറിയുന്നില്ല. ആ സ്വഭാവത്തിൽ പോലും ചിലരുടെഅടുത്തു നിന്നും വോട്ട് വാങ്ങും. ഒരാൾ സ്ഥാനാർത്ഥിയായി നിൽക്കുകയാണെങ്കിൽ പറയും എനിക്ക് ഇത്ര വോട്ടുണ്ട് എന്ന്, അപ്പോൾ ആ വോട്ട് വാങ്ങും. ഇങ്ങനെ തെറ്റായ കച്ചവടം അവിടെ നടക്കുകയാണ്. ശരിക്കുപറഞ്ഞാൽ ഈ ആവശ്യമില്ലെന്നുള്ളത് വേറെ കാര്യം. ഗ്രാഡ്വേറ്റ്സിന് ഒരു കോൺസ്റ്റിറ്റ്യുവൻസി ആവശ്യമില്ല.

ശ്രീ. മത്തായി ചാക്കോ: അങ്ങ് ഇപ്പോൾ പറഞ്ഞല്ലോ യുഗങ്ങളായി ഉള്ള കീഴ്വഴക്കം എന്ന്, യുഗങ്ങളായി ഇങ്ങനെയൊരു കീഴ്വഴക്കം ഉണ്ടായിരുന്നില്ല. രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ പ്രാതിനിധ്യം ഒഴിവാക്കുന്നതിനുവേണ്ടി പറഞ്ഞ ന്യായം രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സായിട്ടുള്ള ആളുകളുടെ വോട്ടവകാശം ദുർവിനിയോഗം ചെയ്യുന്നു എന്നുള്ളതല്ലേ? അതിന് സർവ്വകലാശാല റൂൾസിൽ ഭേദഗതി വരുത്തി അവരുതന്നെ വോട്ട് വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്താൻ വളരെ നിസ്സാരമായ ഒരു ഭേദഗതി മതിയല്ലോ? Postal ballot എന്നുള്ളത് മാറ്റിയാൽ മതിയല്ലോ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: റെലവന്റ്സ് ഇല്ല എന്നാണ് ഞാൻ പറഞ്ഞത്. അതിന് പ്രസക്തിയില്ല, കാരണം ലോകത്ത് ഇപ്പോൾ വികാസം പ്രാപിച്ചു കൊണ്ടിരിക്കുന്ന ഒരു കൺസെപ്റ്റ് എന്താണെന്നറിയാമോ? ഡിഗ്രി തന്നെ പെർമനന്റല്ല. നമ്മൾ ജീവിതം മുഴുവൻ ഡിഗ്രി കൊണ്ടു നടക്കും, മരിച്ചാലും എഴുതും ഇന്ന ഡിഗ്രി ഉണ്ടായിരുന്നു എന്ന്. വിദേശത്തൊക്കെ വന്നുകൊണ്ടിരുന്ന കൺസെപ്റ്റ് എന്താണെന്നു വച്ചാൽ ഒരു പർട്ടിക്കുലർ ഫീൽഡിനുള്ളിൽ ഡിഗ്രി നിങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ല എങ്കിൽ ഡിഗ്രി പോകും. അതാണ് സ്ഥിതി.

ശ്രീ. എം. വി. ജയരാജൻ: മന്ത്രിയുടെ വാദം അങ്ങ് തന്നെ സമർപ്പിച്ച് വഷളാക്കുകയല്ലേ? ഡിഗ്രിയും അതിനു മുകളിലുള്ള യോഗ്യതയും ഒക്കെ നേടിയ

LIBRARY ARCHIVES Kerala Legislative Assembly

അധ്യാപകരുടെ പ്രതിനിധികൾക്ക് പറ്റും. ഡിഗ്രിയും പി.ജി. യും ഒക്കെക്കഴിഞ്ഞ് സർവ്വകലാശാല യൂണിയന്റെ തലപ്പത്ത് ഇരിക്കുന്നവർക്ക് പറ്റും, പിന്നെ ഡിഗ്രി എടുത്തവർക്ക് പറ്റില്ല എന്നുപറഞ്ഞാൽ, അങ്ങേക്ക് ഒരു കാര്യമെങ്കിലും ചെയ്യാമായിരുന്നല്ലോ എണ്ണം കൂടുതൽ ഉണ്ടെങ്കിൽ പോസ്റ്റ് ഗ്രാഡ്വേഷൻ കഴിഞ്ഞവർക്ക് ഒരു പ്രത്യേക മണ്ഡലം ആക്കിയാൽ മതിയല്ലോ.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: യൂണിവേഴ്സിറ്റിയിൽ ഒരു കാറ്റഗറി തന്നെ എന്തിനാണ്? ആ ഒരു മേഖലയുടെ ഇന്ററസ്റ്റ് പ്രൊട്ടക്ട് ചെയ്യാൻ ഗ്രാഡ്വേറ്റ്സിന് എന്താണ് ഉള്ളത്? മറ്റെല്ലാ കാറ്റഗറിയിൽ നിന്നും ഡിഗ്രി ഹോൾഡേഴ്സ് വരുന്നുണ്ട്. അധ്യാപകന്റെ പോസ്റ്റിൽ നിന്നൊക്കെ വരുന്നുണ്ട്. അപ്പോൾ ഇത്തരം കാര്യത്തിൽ ഗ്രാഡ്വേറ്റ്സ് എന്നുപറയുന്ന ഒരു കോൺസ്റ്റിറ്റ്യൂവൻസിക്ക് ഇപ്പോൾ പ്രസക്തിയില്ല. ഒരു കാലഘട്ടത്തിൽ പ്രസക്തിയുണ്ടായിരുന്നു. അന്ന് രാജ്യത്ത് ബിരുദധാരികൾ കുറവായിരുന്നു. ആ കാലഘട്ടത്തിൽ ബിരുദധാരികളുടെ കോൺട്രിബ്യൂഷന്റെ ഒരു പ്രശ്നം ഉണ്ടായിരുന്നു. ഇന്ന് അതില്ല. ഇന്ന് ബഹുഭൂരിപക്ഷം ആളുകളും ഡിഗ്രി ഹോൾഡേഴ്സാണ്. അതുകൊണ്ട് മറ്റൊരുകാര്യം ഇതിൽ ഞങ്ങളുടെ സമീപനത്തിലുള്ള വ്യത്യാസംകൂടി നിങ്ങൾ ഉൾക്കൊള്ളണം. പിന്നെ നോമിനേഷന്റെ കാര്യം പറഞ്ഞു, സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ by virtue of office ആണ്. ഇപ്പോൾ നിങ്ങൾക്കെല്ലാവർക്കും അറിയാം എല്ലാ യൂണിവേഴ്സിറ്റികളും ഇപ്പോൾ എസ്.എഫ്.ഐ.യുടേതാണ്. കാര്യങ്ങൾ നേരെ നടക്കണമെന്നല്ലാതെ ഒരു നിയമം കൊണ്ടുവരാൻ ആ വകുപ്പിൽ ഒരു കെ.എസ്.യു.വോ, എം.എസ്.എഫോ കിടന്നോട്ടെ എന്ന് ഞങ്ങളാരും ചിന്തിച്ചില്ലല്ലോ. യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളെ പ്രതിനിധീകരിക്കേണ്ടത് യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനാണെന്നുള്ള ഉന്നതമായ വീക്ഷണമാണ് ഞങ്ങൾ ഇക്കാര്യത്തിൽ പുലർത്തിയിട്ടുള്ളത്.

ശ്രീ. എം. വി. ജയരാജൻ: സിൻഡിക്കേറ്റിൽ നാമനിർദ്ദേശം ചെയ്യുന്ന കാര്യത്തെപ്പറ്റി പറഞ്ഞു. കോളേജ് യൂണിയൻ ഇലക്ഷൻ പല സ്ഥലങ്ങളിലും നടന്നില്ല, പല സ്ഥലങ്ങളിലും കോളേജ് യൂണിയൻ ഇലക്ഷൻ നടത്താതെ മാനേജ്മെന്റ് മാറിക്കളിക്കുകയാണ്. കോളേജ് യൂണിയൻ ഇലക്ഷൻ കൃത്യമായി നടത്തത്തക്ക നിലയിലുള്ള ഒരു നിയമ നിർമ്മാണം നടത്തിയാൽ മാത്രമേ ഈ പറയുന്ന പ്രകാരം സിൻഡിക്കേറ്റിൽ ഒരു പ്രതിനിധി എത്തു എന്ന കാര്യം അങ്ങേയ്ക്കറിയില്ലേ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇപ്പോൾ ചെയർമാൻ അവിടെയുണ്ട്. വരാൻ പോകുന്ന ഇലക്ഷന്റെ കാര്യം വേറെ ടോപ്പിക് ആണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനെപ്പറ്റി പറയുന്നില്ല. ഞങ്ങളുടെ നിയന്ത്രണത്തിൽപ്പെട്ടതല്ല. കോടതി പറഞ്ഞതുപ്രകാരം നിങ്ങൾ എന്തുകൊണ്ടാണ് ഇലക്ഷൻ നടത്താത്തത് എന്നുപറഞ്ഞ് ഞങ്ങൾക്ക് കോടതിയലക്ഷ്യത്തിന് നോട്ടീസ് തന്നിരിക്കുകയാണ്. കേസ് ഇപ്പോൾ സുപ്രീംകോടതിയുടെ മുമ്പാകെ നിലനിൽക്കുന്ന സമയത്ത് നിയമനിർമ്മാണത്തിന് പോയിട്ടൊന്നും കാര്യമില്ല. Let us wait and see. ഞാൻ പറയുന്നത് ഈ ലക്ഷ്യങ്ങളാണ് ഇതുകൊണ്ട് പരിഹരിക്കാനുള്ളത്. അതുകൊണ്ട് ഈ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ ഒരു നിയമം എന്നുള്ള നിലയിൽ വളരെ പ്രയോജനപ്രദമായ

.....

LIBRARY ARCHIVES Kerala Legislative-Assembly

ശ്രീ. മത്തായി ചാക്കോ: നിലവിൽ ഉണ്ടായിരുന്ന സിൻഡിക്കേറ്റിൽ തെരഞ്ഞെടുക്കപ്പെട്ട ബയോടെക്നോളജിയുടെയും കമ്പ്യൂട്ടർ സയൻസിന്റെയും ആളുകൾ ഇല്ല എന്നുപറഞ്ഞ് നിങ്ങളുടെ ഗവൺമെന്റ് തന്നെ അങ്ങ് മന്ത്രി യാകുന്നതിനുതൊട്ട് മുമ്പ് അഞ്ചുപേരെ നോമിനേറ്റ് ചെയ്തിരുന്നു. എന്തുകൊണ്ട് ഐ.ടി., ബി.ടി. യുടെ ആളുകളെ ഇപ്പോൾ നിങ്ങൾ താൽക്കാലികമായി നോമിനേറ്റ് ചെയ്തു? പുതിയ നോമിനേറ്റഡ് സിൻഡിക്കേറ്റിൽ എന്തുകൊണ്ട് നിങ്ങൾ ഇവരെ കൊണ്ടുവന്നില്ല?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അത് താൽക്കാലികമാണ്. ആറ് മാസം ലൈഫേയുള്ളൂ എന്നുമാത്രമല്ല, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഇലക്ഷൻ നടപടി ആരംഭിച്ചുകഴിഞ്ഞു. രണ്ട് യൂണിവേഴ്സിറ്റികളിലും സജീവമായി ഇലക്ഷൻ പ്രോസസ്സ് തുടങ്ങി. കഴിഞ്ഞ പ്രാവശ്യത്തെ വിമർശനം എന്തായിരുന്നു? പഴയ അതേ പ്രോസസ്സിൽ പഴയ നിയമത്തിൽ വരുത്തിയ ഭേദഗതി എന്നുപറയുന്നത് ഗ്രാഡ്വേറ്റ്സ് കോൺസ്റ്റിറ്റ്യുവൻസി ഇല്ലാതാക്കി എന്നുള്ളതാണ്. ഈ നിയമം വരാൻ പോകുന്ന പശ്ചാത്തലത്തിൽ നോട്ടിഫൈ ചെയ്തു കഴിഞ്ഞു. കാലടി യൂണിവേഴ്സിറ്റി നോട്ടിഫൈ ചെയ്തു കഴിഞ്ഞു; കേരള യൂണിവേഴ്സിറ്റി നോട്ടിഫൈ ചെയ്തു കഴിഞ്ഞു. കാര്യങ്ങൾ നിങ്ങിക്കൊണ്ടിരിക്കുകയാണ്. തെരഞ്ഞെടുപ്പ് പഴയ അതേ സംവിധാനത്തിലാണ് നടക്കാൻ പോകുന്നത്. ഇതിൽ മറ്റൊരു ഉദ്ദേശവുമില്ല. ശരിയായ ജനാധിപത്യ സ്വഭാവത്തിൽ കാര്യങ്ങൾ കൊണ്ടുപോകണം എന്ന ആഗ്രഹം മാത്രമേയുള്ളൂ. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം യൂണിവേഴ്സിറ്റിയുടെ ഓട്ടോണമിയിൽ അല്ലെങ്കിൽ ജനാധിപത്യത്തിൽ ഏതെങ്കിലും വിധത്തിൽ ഇടപെടണമെന്ന ഉദ്ദേശമില്ല. അവർക്ക് സ്വാതന്ത്ര്യം കൊടുക്കണം. ഗവൺമെന്റ് യൂണിവേഴ്സിറ്റികൾക്ക് ഓട്ടോണമി കൊടുത്താൽ മതിയോ? യഥാർത്ഥ Hurdles അവിടെയല്ല. മനസ്സിലാക്കേണ്ട കാര്യമാണ്. ഞാൻ എപ്പോഴും പറയാറുണ്ട്. ശ്രീ. മത്തായി ചാക്കോയെപ്പോലെ യൂണിവേഴ്സിറ്റിയിൽ പ്രവർത്തിച്ച ഒരാൾക്കറിയാം. ഗവൺമെന്റും യൂണിവേഴ്സിറ്റിയും തമ്മിലും യൂണിവേഴ്സിറ്റിയും ഡിപ്പാർട്ടുമെന്റും തമ്മിലും യൂണിവേഴ്സിറ്റിയും കോളേജും തമ്മിലുമൊക്കെ ഓട്ടോണമിയുടെ പ്രശ്നമുണ്ട്. വിദഗ്ദ്ധർ അക്കാഡമിക് കൗൺസിലിന്റെ ശുപാർശ സ്വീകരിക്കുന്നുണ്ട്. അവിടെയൊക്കെ കുറെ താൽപര്യങ്ങളാണ് സംരക്ഷിക്കുന്നത്. ഓട്ടോണമിക്ക് തടസ്സമുണ്ടാക്കുന്ന ഘടകങ്ങളുണ്ട്. ഞാൻ പറയുന്നത്, യൂണിവേഴ്സിറ്റി സിൻഡിക്കേറ്റുകളിൽ നിന്ന് തന്നെ യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകൾക്ക് ഓട്ടോണമി ഉണ്ടാകണം. യൂണിവേഴ്സിറ്റിയിൽനിന്നും കോളേജുകൾക്ക് ഓട്ടോണമി ഉണ്ടാകണം. നമ്മളെല്ലാം സംസാരിച്ച് സംസാരിച്ച് അവിടെയൊന്നും ഓട്ടോണമി വേണ്ട. അവിടെയൊക്കെ പിടിത്തത്തിൽ നിന്നാൽ മതി.

ശ്രീ. മത്തായി ചാക്കോ: ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിൽ നിന്നും അങ്ങ് അഖിലേന്ത്യാ മുസ്ലീം ലീഗായി മാറുന്നതിന് അങ്ങയുടെ നേതാവായിരുന്നല്ലോ സി.എച്ച്. മുഹമ്മദ് കോയ. സി.എച്ച്. മുഹമ്മദ് കോയയുടെ ഓട്ടോണമി സംബന്ധിച്ച പ്രസംഗങ്ങൾ വായിക്കുന്നത് നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സി.എച്ച്. മുഹമ്മദ് കോയയുടെ പ്രസംഗം വായിച്ചിട്ടാണ് ഞാൻ ഇത്രയും നന്നായത്. സി.എച്ച്. മുഹമ്മദ് കോയയെ മറക്കാൻ കഴിയാത്തതാണ് വിദ്യാർത്ഥി പ്രാതിനിധ്യം വേണമെന്ന് തീരുമാനിക്കാൻ കാരണം.

ശ്രീ. സാജു പോൾ: സംസ്കൃത യൂണിവേഴ്സിറ്റിയുടെ ബിൽ വന്നപ്പോൾ ഗവണ്മെന്റ് നിയന്ത്രണം വേണമെന്നും ഇപ്പോൾ സ്വാതന്ത്ര്യം കൊടുക്കണമെന്നും പറയുന്നതെന്താണ്? അങ്ങുതന്നെ ഒരു യോഗത്തിൽ വിദേശ സർവ്വകലാശാലകൾ കേരളത്തിൽ പ്രവർത്തിക്കാൻ അനുവദിക്കുമെന്ന് പറഞ്ഞു. എന്തെങ്കിലും നിയന്ത്രണം അതിൽ ഉണ്ടാകുമോ? അതും ഈ പറയുന്നതും തമ്മിലുള്ള വൈരുദ്ധ്യമാണ് കുഴപ്പമുണ്ടാക്കുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഒരു വൈരുദ്ധ്യവുമില്ല. വിദ്യാഭ്യാസ വകുപ്പു മന്ത്രി ചെയ്യേണ്ട കാര്യങ്ങൾ, ഡിബേറ്റിന് ആവശ്യമായ പോയിന്റുകൾ കൊടുക്കണോ. ഈ രാജ്യത്ത് അങ്ങനെ ചർച്ച വേണോ? വിദേശ യൂണിവേഴ്സിറ്റികൾ വേണമോ വേണ്ടയോ? ഞാൻ ഡിസ്ക്കഷൻ ഓപ്പൺ ചെയ്തിരിക്കുന്നു. ഇവിടെ വിദേശ യൂണിവേഴ്സിറ്റികൾ വേണമെന്ന് പറഞ്ഞിട്ടൊന്നുമില്ല. വിദേശ യൂണിവേഴ്സിറ്റികൾ കേരളത്തിൽ വരികയാണെങ്കിൽ, അല്ലെങ്കിൽ ഇൻഡ്യയിൽ വിദേശ യൂണിവേഴ്സിറ്റികൾ അനുവദിക്കുകയാണെങ്കിൽ എന്തായിരിക്കണം കണ്ടിഷൻ? പറ്റുമോ പറ്റില്ലയോ എന്ന കാര്യത്തെപ്പറ്റി രാജ്യത്ത് ചർച്ച വേണം. കാരണം ഒരു രാജ്യത്തിനും വാതിൽ അടച്ചു നിൽക്കാൻ ഒക്കില്ല. ഈ രാജ്യത്ത് ഇങ്ങനെ വേണമോ? ഉണ്ടെങ്കിൽ എന്താണ് ഗുണം, ഇല്ലെങ്കിൽ എന്താണ് ഗുണം, ദോഷം എന്തൊക്കയാണെന്നുള്ള ചർച്ച ഈ രാജ്യത്തുണ്ടാകട്ടേ!

ശ്രീ. കെ. പി. രാജേന്ദ്രൻ: യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ സിൻഡിക്കേറ്റിൽ വരുന്ന കാര്യം സൂചിപ്പിച്ചല്ലോ? ഗവണ്മെന്റിന്റെ നയം ഇത് ആയതുകൊണ്ട് ചോദിക്കുകയാണ്. ഈ നിയമസഭ തന്നെ പാസ്സാക്കിയ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി (ഭേദഗതി) ബില്ലിൽ, വിദ്യാർത്ഥി പ്രാതിനിധ്യം ഒഴിവാക്കാൻ പ്രധാനമായി വ്യവസ്ഥയുണ്ട്. ഗവണ്മെന്റിന്റെ ഇതു സംബന്ധിച്ചുള്ള നയം എന്താണ്? ഗവണ്മെന്റിന് ഒരു നയം വേണ്ടേ? ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് ഒരു നയം, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന് ഒരു നയം? രണ്ടും പാസ്സാക്കിയത് ഈ നിയമസഭയല്ലേ? അതൊന്ന് വിശദീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: നോമിനേഷനും ഇലക്ഷനും എന്നു പറയുന്ന സംഗതിയുണ്ടല്ലോ? കേരളത്തിന് രണ്ട് എക്സ്പീരിയൻസുണ്ട്. എം.ജി.-യിൽ നോമിനേഷനാണ്. എം.ജി. യൂണിവേഴ്സിറ്റി നന്നാകേണ്ടേ? എം.ജി.-യിൽ പ്രശ്നമുണ്ട്. കാലിക്കട്ടിലും കേരളയിലും ഇലക്ഷനാണ്. അവിടെ നന്നാകേണ്ട. അവിടേയും പ്രശ്നമുണ്ട്. ഗവണ്മെന്റ് ആഗ്രഹിക്കുന്നത്, It should be a juditious combination. സ്റ്റുഡന്റ്സ് പ്രാതിനിധ്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന് സ്റ്റുഡന്റ്സ് പ്രാതിനിധ്യം വേണമെന്ന് തന്നെയാണ് അഭിപ്രായം. യൂണിഫൈഡ് ആക്ട് വന്ന സമയത്ത് വിദ്യാർത്ഥി പ്രാതിനിധ്യത്തിൽ വലിയ തർക്കമൊക്കെ വന്നില്ലേ? അതുകൊണ്ടാണ് ആക്ടിൽത്തന്നെ പറയുകയും വിവാദപരമായ സംഗതികൾ വേണ്ട എന്ന് വച്ചിട്ട്

ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഈ നിയമത്തിൽ വിദ്യാർത്ഥി പ്രാതിനിധ്യം തത്ക്കാലം എങ്ങനെയെല്ലാം ചെയ്യാനൊക്കുമെന്ന് നോക്കുന്നത്. ആറ് മാസത്തെ സംവിധാനത്തിൽ വിദ്യാർത്ഥി പ്രാതിനിധ്യം ഉണ്ടാകും നമുക്ക് ഇത്തരം കാര്യങ്ങൾക്ക് ജനാധിപത്യമൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് മുന്നോട്ടുപോകാം. ഇനി ഇത് ചർച്ച ചെയ്യുന്ന അവസരത്തിൽ എന്തെങ്കിലും കാര്യങ്ങളിൽ ക്ലാരിഫിക്കേഷൻ വേണമെങ്കിൽ അത് ക്ലാരിഫൈ ചെയ്ത് തരാം. എല്ലാപേരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: Sir, I move that—

"This House resolves to disapprove the University Laws (Amendment) Ordinance, 2005 (Ordinance No. 2 of 2005)"

നാല് നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള ബില്ലാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. കേരള യൂണിവേഴ്സിറ്റി ആക്ട്, കോഴിക്കോട് സർവ്വകലാശാല ആക്ട്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, കണ്ണൂർ സർവ്വകലാശാല ആക്ട് ഈ ബില്ലുകൾ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ച് വ്യക്തമാക്കുകയുണ്ടായി. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി വ്യക്തമാക്കിയ കാര്യങ്ങൾ, ഫലത്തിൽ നിയമമാകുമ്പോൾ ഇതെല്ലാം അട്ടിമറിക്കുന്ന അവസ്ഥയിലാണ് കാര്യങ്ങൾ എത്തിച്ചേരുക. അവിടെയാണ് ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നത്. സർവ്വകലാശാലകളുടെ സ്വതന്ത്ര സ്വഭാവത്തിന് യാതൊരു തരത്തിലുള്ള കോട്ടവും തട്ടുകയില്ല. സർവ്വകലാശാലയുടെ സ്വതന്ത്ര സ്വഭാവം നിലനിൽക്കത്തക്ക നിലയിലുള്ള ഒരു സമീപനമാണ് സ്വീകരിക്കുക എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ അനുഭവങ്ങൾ ഈ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് നാം പരിശോധിക്കേണ്ടതുണ്ട്. കേരളം ഇന്ന് എവിടെ എത്തിനിൽക്കുന്നു? വിദ്യാഭ്യാസ മേഖലയിൽ ഒരുപാട് പ്രയാസങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒരു സന്ദർഭമാണിത്. കേരളത്തിന്റെ വിദ്യാഭ്യാസ അന്തരീക്ഷം അങ്ങേയറ്റം കലുഷിതമായി നിൽക്കുന്ന ഒരു സന്ദർഭത്തിലാണ് ഈ ബിൽ ചർച്ചയ്ക്ക് വിധേയമാകുന്നതെന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്. നേരത്തെ ചർച്ച ചെയ്ത സംസ്കൃത സർവ്വകലാശാല നിയമവും ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന സർവ്വകലാശാല (ഭേദഗതി) നിയമവും തമ്മിൽ പരസ്പരം ബന്ധമുണ്ട്. സംസ്കൃത സർവ്വകലാശാല നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രശ്നമെല്ലാം ഈ നിയമവുമായി ബന്ധിപ്പിക്കാൻ കഴിയും. സമീപകാലത്ത് കേരളത്തിന്റെ വിദ്യാഭ്യാസ അന്തരീക്ഷത്തിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളിൽ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും രക്ഷിതാക്കളുടേയും പ്രതികരണം വേണ്ടത്ര പരിഗണിക്കാതെയുള്ള ഒരു സമീപനമാണ് ഈ ബില്ലിന്റെ കാര്യത്തിൽ സ്വീകരിക്കുന്നതെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. നേരത്തെ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം പറഞ്ഞ പ്രശ്നങ്ങളിൽ സെനറ്റ് തെരഞ്ഞെടുപ്പ് ഉണ്ട്. അതുപോലെതന്നെ സിൻഡിക്കേറ്റ്.

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാം ജനാധിപത്യപരമായി തെരഞ്ഞെടുക്കാൻ കഴിയാത്ത ഒരു അവസ്ഥ എങ്ങനെ സൃഷ്ടിച്ചു? യഥാർത്ഥത്തിൽ ജനാധിപത്യപരമായി തെരഞ്ഞെടുപ്പ് നടത്തി ഈ സ്ഥാപനങ്ങൾ ജനാധിപത്യപരമായിത്തന്നെ ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായകരമായ നിലയിലായിരുന്നു നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം തകർക്കുന്ന രീതിയിലുള്ള സമീപനം സ്വീകരിച്ചിട്ട് അതിന് മറുപടി വേവായി നൽകുന്നത് ഒരു കാരണവശാലും നീതീകരിക്കാൻ കഴിയാവുന്നതല്ല.

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> ജനാധിപത്യ മരണ സംവിധാനത്തിൽ ഉന്നത വിദ്യാഭ്യാസ മംഗത്ത് ആധുനിക സമൂഹത്തിൽ വന്നിരിക്കുന്ന മാറ്റത്തെ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ ഈ രാജ്യത്തെ പൊന്നുതമ്പുരാൻ സർവ്വകലാശാലകൾക്ക് കൊടുത്തിരുന്ന സ്വയംഭരണാവകാശംപോലും കൊടുക്കാനുള്ള സൗമനസ്യം അപ്പുറത്തെ 100 പേരുടെ പിന്തുണയുള്ള ജനാധിപത്യത്തിന്റെ അപ്പോസ്തലൻമാർക്കില്ല എന്നത് അങ്ങേയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ പറഞ്ഞതിനോട് പൂർണ്ണമായിട്ടും യോജിക്കുകയാണ്. ഇവിടെ 100 അംഗങ്ങളുടെ പിൻബലത്തിൽ ഇത്തരം ഒരു നിലപാട് സ്വീകരിച്ച് ജനങ്ങളോട് നീതി കാണിക്കാത്ത നിലപാടിനെ വേണമെങ്കിൽ ധിക്കാരമെന്ന് പറയാം. അത്തരം ഒരു നിലപാട് സ്വീകരിച്ചുകൊണ്ടാണ് പല നിയമ നിർമ്മാണങ്ങൾക്കും ഇവിടെ നേതൃത്വം കൊടുക്കുന്നത്. കേരള നിയമസഭയുടെ ചരിത്രത്തിൽ എന്നെന്നും ഓർമ്മിക്കുന്ന ഒരു കരിനിയമം ഉണ്ട്. ചുമട്ടു തൊഴിലാളികൾക്ക് വേണ്ടിയെന്ന വ്യാജേന അവതരിപ്പിച്ചിട്ടുള്ള നിയമം. യഥാർത്ഥത്തിൽ അതിന്റെ ഉദ്ദേശം എന്തായിരുന്നു? ഇൻഡ്യയിലെ നിയമനിർമ്മാണസഭകളുടെ ചരിത്രത്തിൽ തൊഴിലാളി വർഗ്ഗത്തിന്റെ അവകാശങ്ങൾ ഉൾക്കൊള്ളുന്ന ഒരു കരിനിയമമാണ് ഗവണ്മെന്റ് അത്തരം ഒരു നിയമത്തിലൂടെ രൂപപ്പെടുത്തിയിട്ടുള്ളത്. 100 അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെ അഹന്തയിൽനിന്നുമാണ് ഇതുപോലുള്ള പ്രശ്നങ്ങൾ വരുന്നത് എന്നതും ജനാധിപത്യപരമായ അവകാശങ്ങളും ജനാധിപത്യപരമായ കീഴ്വഴക്കങ്ങളും അംഗീകരിക്കാവുന്ന മനസ്സല്ല ഐക്യജനാധിപത്യ മുന്നണിക്കുള്ളത് എന്നതും അത്തരം അനുഭവങ്ങളിലൂടെ ബോദ്ധ്യമാകുന്ന സംഗതിയാണ്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടേണ്ട സെനറ്റും സിൻഡിക്കേറ്റും നോമിനേറ്റഡ് ബോഡിയാക്കി മാറ്റുകയാണ്. ഈ ബില്ലിനകത്ത് അപകടകരമായ ഒരു വ്യവസ്ഥയുണ്ട്. സർവ്വകലാശാലയുടെ കേന്ദ്രീകൃത സ്വഭാവവും ഓട്ടോണമസ് സമ്പ്രദായവും നിലനിൽക്കുന്നതുകൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലുള്ള അനുഭവങ്ങളിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പുരോഗതിക്കും ചരിത്രപ്രധാനമായ പല പ്രശ്നങ്ങൾക്കും സാക്ഷ്യം വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യം കേരള സർവ്വകലാശാലയുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അത്തരം അനുഭവങ്ങളൊന്നും പരിഗണിക്കാതെയാണ് ഇവിടെ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടേണ്ട സിൻഡിക്കേറ്റിനെ നോമിനേറ്റഡ് ബോഡിയാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നിലപാട് ഈ ഭേദഗതിയിലൂടെ സ്വീകരിക്കുന്നത്. ഇവിടെ പ്രധാനമായിട്ടും വന്നിട്ടുള്ള പ്രശ്നം, ഇതിന്റെ ഒന്നാം ഇനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്. അതായത്

LIBRARY ARCHIVES Kerala Legislative Assembly

അഫിലിയേറ്റ് ചെയ്ത കോളേജിനോ, അഫിലിയേറ്റ് ചെയ്ത ഒരു കോളേജിന്റെ വകുപ്പിനോ അല്ലെങ്കിൽ സർവ്വകലാശാല വകുപ്പിനോ അക്കാഡമിക്കോ സ്വയംഭരണം നൽകുക തന്നെയാണ് നിയമത്തിന്റെ പ്രധാന വശമായി ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചത്. യഥാർത്ഥത്തിൽ ഇത്തരത്തിൽ വളരെ ദൂരവ്യാപകമായ അപകടം ഉണ്ടാക്കുന്ന രീതിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കൂട്ടുനിൽക്കരുത് എന്നാണ് വളരെ വിനീതമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. എം. വി. ജയരാജൻ:</u> അങ്ങ് പറഞ്ഞത് അഫിലിയേറ്റ് ചെയ്ത കോളേജിന്റെ കാര്യമാണെങ്കിൽ, അതിനേക്കാൾ അപകടകരമായിട്ടുള്ള വ്യവസ്ഥയാണ് അതിന് തൊട്ടുതാഴെ അൺ എയിഡഡ് കോളേജുകൾക്ക് അംഗീകാരം നൽകേണ്ടതാണ് എന്ന പുതിയ വ്യവസ്ഥ എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ?

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> ബഹുമാനപ്പെട്ട എം. വി. ജയരാജൻ പറഞ്ഞ കാര്യം ശരിയാണ്. ഇത് സാധാരണ നിലയിൽ സർവ്വകലാശാലയുടെ കേന്ദ്രീകൃത സ്വഭാവവും സ്വതന്ത്രസ്വഭാവവും എന്ന് പറയുന്ന സമയത്ത്, നേരത്തെ ഇവിടെ ഭരണപക്ഷത്തുള്ള ആളുകൾ സംസ്കൃത സർവ്വകലാശാലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംസാരിച്ചപ്പോൾ പറഞ്ഞത്, എല്ലാം ഗവണ്മെന്റിന്റെ പങ്കാളിത്തത്തെക്കുറിച്ചാണ് എന്നാണ്. അതിനുമാത്രം ഗവണ്മെന്റിന്റെ പങ്കാളിത്തം ഉണ്ടെന്ന നിലയിലാണ് വ്യാഖ്യാനിക്കാൻ ശ്രമിച്ചത്. യഥാർത്ഥത്തിൽ കോളേജുകൾക്കും, വകുപ്പുകൾക്കും, ഇത്തരം സംവിധാനങ്ങൾക്കും സ്ഥാപനങ്ങൾക്കും സ്വയംഭരണാവകാശം നൽകുമ്പോൾ അതിന് എത്രത്തോളം പ്രത്യേകതയുണ്ടാകുമെന്നുള്ളതാണ് പരിശോധിക്കേണ്ടത്. ഇവിടെ എന്നെ പ്രേരിപ്പിച്ച ഒരു ഘടകം, നേരത്തെ ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞിട്ടാണെങ്കിലും, ചുമട്ടു തൊഴിലാളി നിയമത്തിന്റെ തുടർച്ചയാണെന്നതാണ്. ഈ കോളേജുകൾക്ക് സർവ്വതന്ത്ര സ്വതന്ത്ര അധികാരം നൽകിക്കഴിഞ്ഞാൽ യാഥാർത്ഥത്തിൽ വിദ്യാഭ്യാസക്കച്ചവടമാണ് ഇവിടെ നടക്കുക. കേരളത്തിൽ അനുഭവമില്ലേ? സ്വാശ്രയ കോളേജുകൾ, അൺ എയിഡഡ് കോളേജുകൾ എന്നിവയ്ക്ക് എന്ത് നിയന്ത്രണമാണുള്ളത്? ഇവിടെ അനുവദിച്ചുകൊടുക്കുന്ന കാര്യമെന്താണ്? മാനേജുമെന്റിന് ഇഷ്ടമുള്ള ഫീസാണ് ഈടാക്കുന്നത്. പാവപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാവകാശംപോലും നിഷേധിക്കുന്ന നടപടികളാണ്, അത്തരം അനുഭവങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ചെറിയ പ്രശ്നമാണോ സൃഷ്ടിക്കുന്നത്? യു.ഡി.എഫ്. ഗവണ്മെന്റിന്റെ നേട്ടമായി പറയുന്നത്, ചോദിക്കുന്ന വർക്കെല്ലാം കോളേജുകൾ വാരിക്കോരി കൊടുക്കുന്നു എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഇതിന് നിയന്ത്രണം ഇല്ലാത്തതിന്റെ ദുരന്തം അനുഭവിക്കുകയല്ലേ? ഇതിന്റെമേൽ സാമൂഹ്യ പ്രതിബദ്ധത വച്ചുകൊണ്ടുള്ള എന്ത് സമീപനമാണ് ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് സ്വീകരിക്കുന്നു എന്നുള്ളത് വളരെ ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. അതുകൊണ്ട് ഈ നിയമത്തിൽ വരുന്ന ആപൽക്കരമായ ഈ വകുപ്പിനോട് യാതൊരു കാരണവശാലും യോജിക്കാൻ കഴിയില്ല. ആ വകുപ്പ് മാറ്റുന്നതിനാവശ്യമായ നടപടി ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്. ഇവിടെ അൺഎയിഡഡ് കോളേജുകളും അതിന്റെ അംഗീകാരവുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രശ്നങ്ങളുമുണ്ട്. അതുപോലെ നിയമനത്തെ സംബന്ധിച്ചിടത്തോളം ചില പരാമർശങ്ങളുണ്ട്. വിദ്യാർത്ഥികളിൽനിന്നും അമിതമായ ഫീസ് ഈടാക്കുന്ന നടപടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ പാവപ്പെട്ടവരുടെ പഠനം നിഷേധിക്കലാണ്. യഥാർത്ഥത്തിൽ ഗവണ്മെന്റിന്റെ ഈ സമീപനത്തിന്റെ ഭാഗമായി വന്നുചേർന്നിട്ടുള്ള ഒരു പ്രശ്നമാണിത്. ഒരു കാരണവശാലും ഇതിനെ സമൂഹം അംഗീകരിക്കുന്നില്ല എന്നു മാത്രമല്ല, ഇതിനെ എതിർത്ത് തോൽപ്പിക്കുന്ന സമീപനമാണ് കേരളത്തിലാകെ കാണുന്നതെന്നുള്ളത് കേരളത്തിലെ സമീപകാലത്തെ സംഭവങ്ങൾ പരിശോധിക്കുന്ന ആർക്കും തന്നെ ബോദ്ധ്യമാകുന്നതാണ്. അൺഎയിഡഡ് കോളേജുകളിലെ അദ്ധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ച ഒരു ഭാഗമുണ്ട്. അത് സ്വാഗതാർഹമായ ഭാഗമാണ്. തർക്കമില്ല. അത്തരം ഒരു നിലപാട് സ്വീകരിക്കുന്ന സമയത്ത് പ്രായപരിധികൂടി നിശ്ചയിക്കണം. സ്വകാര്യ കോളേജുകളിലും അൺ എയിഡഡ് കോളേജുകളിലുമൊക്കെ പഠിപ്പിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം എന്താണ് ഈ നിയമത്തിൽ കണ്ടെത്താൻ സാധിക്കുന്നത്? ഇത്തരത്തിലുള്ള പ്രശ്നംകൂടി പരിഹരിക്കത്തക്ക നിലയിലുള്ള സമീപനമാണ് യഥാർത്ഥത്തിൽ ഉണ്ടാകേണ്ടത്. ഫീസ് നിശ്ചയിക്കാൻ അധികാരം നൽകുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കണം. 17-ാം വകുപ്പിലുള്ള ഭേദഗതികൾ ബഹുമാനപ്പെട്ട മന്ത്രി ഒരുപാട് വിശദീകരിച്ച് ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു. മജിസ്റ്റേർഡ് ഗ്രാഡ്വേറ്റ് മണ്ഡലം എന്ന ഭാഗത്തെ സെനറ്റലക്ഷ്യം എന്നത് ഒഴിവാക്കുകയാണ്. മജിസ്റ്റേർഡ് മണ്ഡലത്തിലെ പ്രാതിനിധ്യം നിശ്ചയിക്കുന്ന സമയത്ത്, റിസർവേഷനെ സംബന്ധിച്ചിടത്തോളം പറഞ്ഞല്ലോ? സെനറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ സംവരണം ഉണ്ട്. ഇതിനകത്ത് യഥാർത്ഥത്തിൽ സിൻഡിക്കേറ്റിന്റെ നോമിനിയുടെ കാര്യത്തിൽ പട്ടികജാതിയോ പട്ടിക വർഗ്ഗമോ ഏതെങ്കിലുമൊന്ന് എന്നുള്ളത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ സെനറ്റിൽ വരേണ്ട റിസർവേഷന്റെ സാദ്ധ്യത ഇതിന്റെ ഭാഗമായി നഷ്ടപ്പെട്ടു പോകുന്നു എന്നുള്ളത് പരിഗണിക്കേണ്ടതല്ലേ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ രീതിയിലാണെങ്കിൽ മജിസ്റ്റേർഡ് ഗ്രാഡ്വേറ്റ് മണ്ഡലത്തിൽ ഇതുപോലെയുള്ള നിലപാടുകൾ എടുക്കുകയാണെങ്കിൽ നേരത്തെ ബഹുമാനപ്പെട്ട മന്ത്രിയായി ചാക്കോ ചൂണ്ടിക്കാണിച്ച ആ നിലപാടല്ലേ ഇക്കാര്യത്തിൽ ശരിയായി വരുന്നത്? തലവേദന ഉണ്ടെങ്കിൽ കഴുത്ത് മുറിച്ചു കളയുന്ന അവസ്ഥ ഒരിക്കലും സ്വീകരിക്കുകയല്ല വേണ്ടത്. ഗ്രാഡ്വേറ്റ് മണ്ഡലത്തിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഏതെങ്കിലും അന്ദിമതമായ പ്രവണത നിലനിൽക്കുന്നുണ്ടെങ്കിൽ, നമ്മുടെ ജനാധിപത്യവ്യവസ്ഥയിൽ സ്വീകരിക്കാൻ കഴിയാത്ത എന്തെങ്കിലും സമ്പ്രദായം നിലനിൽക്കുന്നുണ്ടെങ്കിൽ അതിനാവശ്യമായിട്ടുള്ള നിയമനിർമ്മാണം നടത്തുകയും നിയന്ത്രണംകൊണ്ട് പൂർണ്ണമായും സംശുദ്ധമാക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കുകയുമാണ് വേണ്ടത്. ഗ്രാഡ്വേറ്റുകൾ ഒരുപാട് വർദ്ധിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ ഈ അവകാശം നിഷേധിക്കുന്നത് ഉൾപ്പെടെയുള്ള നിലപാട് സ്വീകരിക്കുന്നത് ശരിയല്ല എന്നുള്ളതാണ് ഇതിന്റെ ഫലമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇക്കാര്യത്തെ സംബന്ധിച്ച് പരിശോധിക്കുന്ന സമയത്ത്, യഥാർത്ഥത്തിൽ സദുദ്ദേശപരമായി എന്നു പറഞ്ഞാലും രാഷ്ട്രീയ താൽപര്യം സ്വാഭാവികമായും ഉണ്ടാവും. ഇതിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്ന അവസ്ഥയിലേക്കാണ് കാര്യങ്ങൾ നീങ്ങുക. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് സർവ്വകലാശാല ഭരണസംവിധാനം കോൺഗ്രസ് കമ്മിറ്റി പോലെ ആകരുതെന്നാണ്. കോൺഗ്രസ് കമ്മിറ്റി നോമിനേറ്റ് ചെയ്തതാണെങ്കിൽ ഇതുപോലെയുള്ള മാതൃക സർവ്വകലാശാല സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്വീകരിക്കരുത്.

പ്രത്യേകിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിന് കൂട്ടുനിൽക്കരുത് എന്നുള്ളതുകൂടി ഇതിന്റെ ഭാഗമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇലക്ഷനെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ സർവ്വകലാശാലകളിൽ അരാഷ്ട്രീയവൽക്കരണം നടക്കുകയാണല്ലോ? ഈ അരാഷ്ട്രീയവൽക്കരണം നമ്മുടെ സമൂഹത്തിന് ഏതെങ്കിലും തരത്തിൽ ഗുണം ചെയ്യുന്നതാണോ? വളരെ ദൗർഭാഗ്യകരമായ പ്രത്യാഘാതങ്ങളാണ് അരാഷ്ട്രീയവൽക്കരണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ സംജാതമാകുന്നത്. സംഘടനകൾ പാടില്ല, തെരഞ്ഞെടുപ്പ് പാടില്ല എന്നൊക്കെയുള്ള സ്ഥിതി ഇവിടെ പ്രാവർത്തികമാക്കുന്നതിന് വേണ്ടിയുള്ള ഇത്തരം നിയമം പ്രത്യേകിച്ച് കോളേജുകൾക്കെല്ലാം പരമാധികാരം നൽകുന്ന സന്ദർഭത്തിൽ ഇത്തരം ഒരവസ്ഥ നമ്മുടെ സമൂഹത്തിൽ വർദ്ധിച്ചുവരുന്നു. സർവ്വകലാശാല രംഗത്ത് നടക്കുന്ന യുവജനോൽസവം തന്നെ യഥാർത്ഥത്തിൽ നിലച്ചിരിക്കുകയാണ്. സർവ്വകലാശാല അടിസ്ഥാനത്തിൽ നടക്കുന്ന യുവജനോൽസവത്തെയും ഇത് ബാധിക്കുന്നുണ്ട്. യുവജനോൽസവം നിലച്ചുപോകുന്നതിന്റെ ഭാഗമായി ഇവിടെ പാഠ്യേതര വിഷയങ്ങളിലുള്ള വിദ്യാർത്ഥികളുടെ കഴിവ് വികസിപ്പിച്ചെടുക്കുന്നതു മാത്രമല്ല അവരുടെ ഗ്രേസ് മാർക്കിനെയും ഇത് ബാധിക്കുകയാണ്. ഉന്നത പഠനത്തെ കാര്യമായി ബാധിക്കുന്ന നിലയിലാണ് കാര്യങ്ങൾ നടക്കുന്നത്. വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ വരുന്നു. അരാഷ്ട്രീയ വാദം കലാലയങ്ങളിൽ വലിയ തോതിൽ വ്യാപിക്കുന്നതിനാവശ്യമായ നിലപാട് വരുന്ന ഇത്തരം സാഹചര്യങ്ങളെല്ലാം പരിഗണിച്ച് ഈ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് വളരെ സൂക്ഷ്മതയോടുകൂടിയ പരിശോധന നടത്തേണ്ടതാണ്. എന്നിട്ടുമാത്രമേ ഈ പദ്ധതികളെ സംബന്ധിച്ചിടത്തോളം ഒരു അവസാന നിലപാടിൽ എത്തിച്ചേരാൻ പാടുള്ളുവെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർവ്വകലാശാല നിയമ ഭേദഗതി ഒരു ഓർഡിനൻസായി ഇവിടെ കൊണ്ടുവന്നിരിക്കുന്നത് യഥാർത്ഥത്തിൽ കേരള-കോഴിക്കോട് സർവ്വകലാശാലകളുടെ സിൻഡിക്കേറ്റ് പിരിച്ചുവിടുക എന്ന ലക്ഷ്യമാണ് ഈ
7.00 p.m. ഓർഡിനൻസിന്റെ പിന്നിലുള്ളത്. കേരള ഗവൺമെന്റിന് ഇഷ്ടമില്ലാത്ത രണ്ട് സിൻഡിക്കേറ്റുകളായിരുന്നു കേരള സിൻഡിക്കേറ്റും കാലിക്കട്ട് സിൻഡിക്കേറ്റും. എല്ലാ പ്രതിനിധികളും തെരഞ്ഞെടുക്കപ്പെട്ടവരാണ്. യു. ഡി. എഫ്.-ന് പറ്റിയവരല്ലെന്നുള്ളതുകൊണ്ട് അവരെ പറഞ്ഞുവിടണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. കേരള നിയമസഭ ഇടയ്ക്കിടക്ക് സർവ്വകലാശാല നിയമങ്ങൾ ഭേദഗതി ചെയ്യുന്ന ബില്ലുകൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ 2001 നവംബർ 21-ന് യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി ചെയ്തുകൊണ്ട് ഒരു ബിൽ പാസാക്കി. ആ ബില്ല് അവതരിപ്പിച്ചത് ശ്രീ. നാലകത്ത് സൂപ്പിയായിരുന്നു. അദ്ദേഹത്തിനുപകരം ആള് മാറി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വന്നു. അന്ന് അദ്ദേഹം പറഞ്ഞത് സർവ്വകലാശാലയിൽ ഐ.ടി./ബി.ടി. കളെ ഉൾപ്പെടുത്തണമെന്നാണ്. വിവര സാങ്കേതിക വിദ്യയിലും ബയോടെക്നോളജിയിലും വൈദഗ്ധ്യമുള്ള ആളുകൾ സർവ്വകലാശാലയിൽ ഇല്ലാത്തതുകൊണ്ട് അവരുടെ സേവനം ഉപയോഗപ്പെടുത്തി കേരളത്തെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഇ-ഗവേണൻസ് സ്റ്റേറ്റാക്കി മാറ്റണം എന്നുപറഞ്ഞുകൊണ്ടാണ് സർവ്വകലാശാല നിയമം അന്ന് ഭേദഗതി ചെയ്തത്. ഐ.ടി./ബി.ടി.-ക്കാരായ രണ്ട് ആളുകളെ എടുക്കണമെന്ന് പറഞ്ഞ് അന്ന് യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി ചെയ്തു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിൽ നോമിനേറ്റഡ് മെമ്പർമാർക്ക് ഭൂരിപക്ഷം ഉണ്ടാക്കുകയായിരുന്നു അവർ കൊണ്ടുവന്ന മൂന്നാമത്തെ ബില്ലിന്റെ പിന്നിൽ പതിയിരുന്ന കാര്യം. ഐ.ടി./ബി.ടി.-യുടെ പേര് പറഞ്ഞ് കേരള സർവ്വകലാശാല സിൻഡിക്കേറ്റിലും കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റിലും ഇലക്ടഡ് പ്രതിനിധികൾക്ക് സമാനമായി നോമിനേറ്റഡ് ആളുകളെയും എക്സ്-ഒഫീഷ്യോ മെമ്പർമാരെയും കൂടി ചേർത്തുകൊണ്ട് അവർക്ക് ഭൂരിപക്ഷം ആക്കി സർവ്വകലാശാല എങ്ങനെ പിടിക്കണം, ജനാധിപത്യ സമിതിയെ എങ്ങനെ അട്ടിമറിച്ച് ഭരണം പിടിച്ചെടുക്കണം എന്നതായിരുന്നു 2001-ൽ കൊണ്ടുവന്ന യൂണിവേഴ്സിറ്റി ആക്ട് ഭേദഗതി ബില്ലുകൊണ്ട് ഉദ്ദേശിച്ചത്. ഇപ്പോൾ ആ e-governance പോയോ? ഇപ്പോഴത്തെ നിയമത്തിൽ ഐ. ടി. യും ഇല്ല ബി. ടി. യും ഇല്ല വിവര സാങ്കേതിക വിദ്യയുമില്ല ജനിതക സാങ്കേതിക വിദ്യയുമില്ല. യു.ഡി.എഫ്.-ന് വേണ്ടപ്പെട്ട ആളുകളെ നോമിനേറ്റ് ചെയ്തുകൊണ്ട് പുതിയ സിൻഡിക്കേറ്റ് ഉണ്ടാക്കാൻ മാത്രമുള്ളതാണ് ഈ ഭേദഗതി. അന്ന് പറഞ്ഞത് ശരിയാണ്. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെയും കാലിക്കട്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റേയും ഇലക്റ്റഡ് ബോഡികളുടെ കാലാവധി കഴിഞ്ഞു. കാലാവധി കഴിഞ്ഞാൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വം എന്താണ്? ഇവിടെ ഇലക്ഷൻ നടത്താനുള്ള ക്രമീകരണം ഉണ്ടാകണം. അതിനുപകരം ഇലക്ഷൻ ക്രമീകരണങ്ങളാകെ അട്ടിമറിക്കാൻ ഗവൺമെന്റ് ഇടപെട്ടു. കേരള യൂണിവേഴ്സിറ്റിയും കോഴിക്കോട് യൂണിവേഴ്സിറ്റിയും ഇലക്ഷൻ പ്രക്രിയ ആരംഭിച്ചു കഴിഞ്ഞു. ഇതിനിടയ്ക്ക് എന്തിനാണ് ഇത്തരത്തിലുള്ള ഒരു ബില്ല് കൊണ്ടുവന്നത്? ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഏകീകൃത സർവ്വകലാശാല ബില്ല് പിൻവലിച്ചുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്ത് പറഞ്ഞതെന്താണ്? ഏകീകൃത സർവ്വകലാശാല ബില്ല് ആദ്യം കൊണ്ടുവന്നത് ശ്രീ. ടി. എം. ജേക്കബായിരുന്നു. സർവ്വകലാശാല ബില്ല് നിയമസഭയിൽ കൊണ്ടുവന്നപ്പോൾ എന്ത് സംഭവിച്ചു? പിന്നീട് വന്ന ഇലക്ഷന് അദ്ദേഹത്തിന് മന്ത്രിപ്പണിയേ പോയി. അതിനുശേഷം വന്നത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറാണ്. കഴിഞ്ഞ നിയമസഭയിൽ ഏകീകൃത സർവ്വകലാശാല ബില്ല് കൊണ്ടുവന്നു. അത് സെലക്ട് കമ്മിറ്റിക്ക് വിട്ടു. ആ ബില്ല് അവതരിപ്പിച്ച ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പിന്നത്തെ മന്ത്രിസഭയിൽ ഉണ്ടായില്ല. ഈ നിയമസഭയിൽ ഏകീകൃത സർവ്വകലാശാല ബില്ലുമായിട്ട് ശ്രീ. നാലകത്ത് സൂപ്പി വന്നു. ഇപ്പോൾ ശ്രീ. നാലകത്തു സൂപ്പിയേയും കാണുന്നില്ല. ഏകീകൃത സർവ്വകലാശാല ബില്ല് ആരൊക്കെ കൊണ്ടുവന്നിട്ടുണ്ടോ അവർക്കൊക്കെ മന്ത്രിപ്പണി പോയിട്ടുമുണ്ട്. അതുകൊണ്ടാണ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ മന്ത്രി എന്നുള്ള നിലയിൽ ഇനിയുള്ള ഒരു വർഷം കഞ്ഞികുടിച്ച് കഴിയാമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ ബില്ല് പിൻവലിച്ചത്. അത് നന്നായി. ഏകീകൃത സർവ്വകലാശാല ബില്ലിനെ ഞങ്ങൾ ശക്തമായി എതിർത്തതാണ്. ബില്ലിനകത്ത് ഉൾക്കൊള്ളിച്ച കാര്യങ്ങൾ മറ്റൊരു രൂപത്തിൽ കൊണ്ടുവരികയെന്നുള്ളതാണ് ഇപ്പോഴത്തെ ബില്ലിൽ പതിയിരിക്കുന്നത്. ഈ ബില്ലിനകത്ത് സമഗ്രമായിട്ടുള്ള കുറെ കാര്യങ്ങൾ ഉണ്ടായിരുന്നു. അതിലെ

LIBRARY ARCHIVES Kerala Legislative Assembly

ദുഷ്യവശങ്ങൾ ഞങ്ങൾ പുണ്ടിക്കാണിച്ചതാണ്. ധൃതിപിടിച്ചാണ് ഇപ്പോൾ നിങ്ങൾ മാർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. ജനാധിപത്യ പ്രക്രിയയെ അട്ടിമറിച്ച് ഭരണ സമിതി പിടിച്ചടക്കുകയാണ് ലക്ഷ്യം. ആറ് മാസത്തേക്കാണ് ഇത് ലഭിക്കുന്നത്. ആറ് മാസത്തേക്കുള്ള ഭരണ സമിതി തെരഞ്ഞെടുപ്പിന്റെ പിന്നിൽ പതിയിരിക്കുന്ന പല കാര്യങ്ങളും ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ശ്രീശങ്കരാചാര്യ ബില്ലിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ഒരു കാര്യം ചൂണ്ടിക്കാണിച്ചു. അദ്ദേഹം ശ്രീശങ്കരാചാര്യ ബില്ലിനകത്ത് സംവരണ തത്വമുണ്ടെന്ന് പറഞ്ഞു. സർവ്വകലാശാല ആക്ടിനകത്ത് സർവ്വകലാശാലയിലെ നിയമനത്തിന് സംവരണ തത്വമുണ്ട്. നരേന്ദ്രൻ കമ്മീഷൻ പറഞ്ഞത് സംവരണതത്വം സർവ്വകലാശാലയിൽ നടപ്പിലാക്കുന്നുണ്ടെന്നാണ്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ മന്ത്രിയായിട്ടും കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും സ്വയംഭരണ തത്വപ്രകാരം സംവരണം നടപ്പിലാക്കിയിട്ടുണ്ടോ? ഇതാണ് എന്റെ ചോദ്യം. ഞാൻ നേരത്തെ പറഞ്ഞത് അദ്ദേഹം തെറ്റിദ്ധരിച്ചു. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ അവതരിപ്പിച്ച ഏകീകൃത സർവ്വകലാശാല നിയമത്തിനകത്ത് യൂണിവേഴ്സിറ്റിയിലെ അധ്യാപകർക്കും അനധ്യാപകർക്കും സംവരണം ഉറപ്പാക്കുക മാത്രമായിരുന്നില്ല, വേറൊരു നല്ല വശം കൂടി ഉണ്ടായിരുന്നു. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എല്ലാ കോളേജുകളിലേയും അധ്യാപക-അനധ്യാപക നിയമനങ്ങളിൽ സംവരണ തത്വം പാലിക്കണമെന്ന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അന്ന് അവതരിപ്പിച്ച ബില്ലിനകത്ത് വ്യവസ്ഥ ചെയ്തിരുന്നു. അന്നത്തെ നിയമസഭാ പ്രൊസീഡിംഗ്സ് പരിശോധിച്ചപ്പോൾ ബില്ലിനെ എതിർത്തുകൊണ്ട് അന്ന് സംസാരിച്ച കൂട്ടത്തിൽ സഖാവ് ടി. ശിവദാസമേനോൻ നടത്തിയ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. അദ്ദേഹം പറഞ്ഞു ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അവതരിപ്പിച്ച ബില്ലിനെ ഞങ്ങൾ എതിർക്കുന്നു. പക്ഷേ ഇതിനകത്തെ വകുപ്പിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു കോളേജുകളിലെല്ലാം അധ്യാപക-അനധ്യാപക നിയമനത്തിന് സംവരണം ഏർപ്പെടുത്തിക്കൊണ്ടുള്ള വകുപ്പിനെ ഞങ്ങൾ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നുവെന്ന് ശ്രീ. ടി. ശിവദാസമേനോൻ അന്ന് നിയമസഭയിൽ പ്രസംഗിച്ചു. ശ്രീ. ടി. ശിവദാസമേനോന്റെ പ്രസംഗം കഴിഞ്ഞപ്പോൾ ഭരണപക്ഷത്ത് അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. യു.ഡി.എഫ്. കാമ്പിലുള്ള ആളുകൾ, കോൺഗ്രസ് ഉൾപ്പെടെയുള്ളവർ അതിനെ എതിർത്തു. അന്ന് ഭരണ കക്ഷിയിൽപെട്ട പല അംഗങ്ങളുടേയും എതിർപ്പുണ്ടായി. ശ്രീ. കെ. എം. മാണി കേരള കോൺഗ്രസ് ആണല്ലോ അന്നത്തെ എതിർപ്പ്, മന്ത്രിസഭയിൽ ഉള്ള ആളല്ലേ, ശ്രീ. കെ. എം. മാണിയുടെ എതിർപ്പ് വന്നതോടുകൂടി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ മട്ട് മാറി. അന്നത്തെ ഭരണ കക്ഷിക്കകത്തുള്ള അനൈക്യം കാരണം ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ കൊണ്ടുവന്ന സംവരണം ഏർപ്പെടുത്തണമെന്നുള്ള ഏകീകൃത സർവ്വകലാശാല നിയമം മാറ്റിവയ്ക്കേണ്ടിവന്നു. ശ്രീ. നാലകത്ത് സൂപ്പി കൊണ്ടുവന്ന ബില്ലിനകത്ത് ആ ഒരു പരാമർശമേയില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി എന്താണ് പറയുന്നത്? 10-ാം തീയതി ഇവിടെ ചർച്ച നടക്കുമ്പോൾ ഇവിടെ അവതരിപ്പിച്ച് പാസ്സാക്കുന്ന ബില്ലിനകത്ത് ഇതില്ലാതായാൽ മുസ്ലീം ലീഗുകാർക്ക് പുറത്തിറങ്ങി നടക്കാൻ സാധിക്കുമോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അത്തരത്തിലുള്ള ഒരു സംവരണം ഏർപ്പെടുത്തുന്നതിന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇപ്പോഴും തയ്യാറാകുന്നില്ല എന്ന്. ഈ ബില്ലിനകത്ത് കൊണ്ടുവരേണ്ടത് കേരള

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റിയുടെയും മറ്റ് സർവ്വകലാശാലകളുടെയും കീഴിലുള്ള എല്ലാ കോളേജുകളിലും അധ്യാപക-അനധ്യാപക നിയമനത്തിന് സംവരണം ഏർപ്പെടുത്തുന്നു എന്നൊരു വ്യവസ്ഥയാണ്. അങ്ങനെ ഏർപ്പെടുത്തുമോ? അങ്ങനെ ഏർപ്പെടുത്തിയാൽ ഞങ്ങൾ പൂർണ്ണമായി ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ ആ വകുപ്പിനെ പിന്താങ്ങും. അങ്ങനെ ഒരു നിലപാട് എടുക്കാൻ അങ്ങയ്ക്ക് സാധിക്കുമോ? ഇവിടെ യഥാർത്ഥത്തിൽ ഈ ഓർഡിനൻസ് എന്തിന് വേണ്ടി ഇറക്കി?

ശ്രീ. എം. വി. ജയരാജൻ: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 75000-ത്തോളം ജീവനക്കാരുടെ എണ്ണം കുറഞ്ഞു. അതുപ്രകാരം 10 ശതമാനം, 7500 പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം അവർക്കുമാത്രമായി അർഹതപ്പെട്ട സംവരണം അതുവഴി ഇല്ലാതാക്കിയിരിക്കുന്നു. ഇങ്ങനെ മുസ്ലീം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെല്ലാം സംവരണം നിഷേധിക്കുന്ന ഒരു നിലപാടല്ലേ ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ളത്; അതങ്ങയ്ക്കറിയില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജോലിയുണ്ടെങ്കിലല്ലേ സംവരണം കിട്ടൂ. നിലവിലുള്ള ജോലി തന്നെ ഇല്ലാതാക്കുകയാണ്. സർക്കാർ സർവ്വീസിൽ ഒഴിഞ്ഞു കിടക്കുന്ന 75000 തസ്തികകളിലേയ്ക്കുള്ള നിയമനം നടത്തിയാൽ തന്നെ സംവരണ പ്രകാരം കിട്ടേണ്ട ആളുകൾക്ക് അത് കിട്ടണം. അർഹതപ്പെട്ടവർക്കുപോലും സംവരണം കിട്ടാത്ത പൊള്ളത്തരമാണ് ബഹുമാനപ്പെട്ട എം. വി. ജയരാജൻ ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കഴിഞ്ഞ ലോകസഭാതെരഞ്ഞെടുപ്പിന്റെ ഘട്ടത്തിലാണ് ഇവിടെ ഈ ഓർഡിനൻസ് നടപ്പാക്കാൻ മന്ത്രിസഭ തീരുമാനിച്ചത്. അപ്പോൾ അഭിപ്രായ വ്യത്യാസം വന്നു. കോൺഗ്രസ്സിന്റെ ഭാഗത്ത് നിന്ന് എതിർപ്പ് വന്നു. അപ്പോൾ അതിനുവേണ്ടി ഉപസമിതി വന്നു. ആ ഉപസമിതിയിൽ ശ്രീ. നാലകത്ത് സൂപ്പിയായിരുന്നു ചെയർമാൻ. അതിനകത്താണ് അഭിപ്രായവ്യത്യാസം വന്നത്. ഇത്തരത്തിൽ യു.ഡി.എഫ്.-ലുണ്ടായ അഭിപ്രായവ്യത്യാസങ്ങളെത്തുടർന്നാണ് ഓർഡിനൻസ് ഇറക്കാൻ തയ്യാറായത്. അവർക്ക് ഒരു കാര്യത്തിൽ മാത്രമേ യോജിപ്പുള്ളൂ. ഇപ്പോഴത്തെ കേരള-കാലിക്കട്ട് സിൻഡിക്കേറ്റ് പിരിച്ചുവിടുകയെന്നുള്ളത്. അങ്ങനെയാണ് ഇലക്റ്റഡ് സിൻഡിക്കേറ്റ് പിരിച്ചുവിട്ടത്. പ്രധാന കാര്യം മന്ത്രി പറഞ്ഞു, അതുകൊണ്ട് ഞാൻ വിശദാംശത്തിലേയ്ക്ക് പോകുന്നില്ല. അൺ എയിഡഡ് സ്വാശ്രയ കോളേജുകൾക്ക് അംഗീകാരം നൽകുക എന്നതാണ് ഇതിന്റെ പിന്നിൽ പതിയിരിക്കുന്ന പ്രധാന കാര്യം. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് പിരിച്ചുവിടാൻ ഗവണ്മെന്റിനെ പ്രേരിപ്പിച്ച കാര്യമെന്താണ്? കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മുന്ന് സ്വാശ്രയകോളേജുകൾക്ക് അംഗീകാരം കൊടുക്കുകയില്ല എന്ന നിലപാട് സ്വീകരിച്ചു. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് ഒരു സുപ്രധാന തീരുമാനം എടുത്തിരുന്നു. ഗവണ്മെന്റ് നിശ്ചയിക്കുന്ന ഫീസ് മാത്രം വാങ്ങാൻ തയ്യാറായുള്ള കോളേജുകൾക്ക് മാത്രമേ യൂണിവേഴ്സിറ്റി എൻ.ഒ.സി. കൊടുക്കുകയുള്ളൂ എന്നൊരു തീരുമാനം സർവ്വകലാശാല കൈക്കൊണ്ടതാണ് കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് പിരിച്ചുവിടാൻ ഈ മന്ത്രിസഭയെ പ്രേരിപ്പിച്ച പ്രധാന കാരണം. വിദ്യാഭ്യാസ കച്ചവടക്കാരുടെ സമ്മർദ്ദത്തിന് വിധേയമായിട്ടാണ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് പിരിച്ചുവിട്ടിരിക്കുന്നത്. ഈ ബില്ലിനകത്ത് അഞ്ച് പ്രധാന കാര്യങ്ങൾ വ്യവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുള്ളതിലൊന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതായത് രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് മണ്ഡലം ഇല്ലാതാകുമെന്ന്. അതിനോട് ഞാൻ യോജിക്കുന്നു. രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് എന്ന രീതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആളുകൾ ഇലക്ഷനിൽ നടത്തുന്ന ചില തട്ടിപ്പുകളെക്കുറിച്ച് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചു. അത് വസ്തുതാപരമായി ശരിയാണ്. അത് പരിഹരിക്കാനുള്ള വഴി ആ മണ്ഡലം ഇല്ലാതാക്കുകയല്ല, മറിച്ച് അവർക്ക് മനസിട്ട് വന്ന് വോട്ട് ചെയ്യാനുള്ള വിധത്തിൽ ഇലക്ഷൻ ക്രമീകരണമുണ്ടാക്കണം. ഇലക്ഷൻ സിസ്റ്റത്തിൽ മാറ്റം വരുത്തണം. പോസ്റ്റൽ വോട്ട് സമ്പ്രദായം മാറ്റിക്കൊണ്ട് കൃത്യമായ ബൂത്ത് നിശ്ചയിച്ച് രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് വോട്ട് ചെയ്യുന്നത്, യഥാർത്ഥ വോട്ടുകാരാണെന്ന് ഉറപ്പുവരുത്തണം. അതിനുപകരം രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് മണ്ഡലം വേണ്ട എന്ന തീരുമാനം കൈക്കൊള്ളുന്നത് ജനാധിപത്യപ്രക്രിയയിൽ സർവ്വകലാശാലഭരണത്തിൽ സമൂഹത്തിന്റെ ഇടപെടലാണ് ഇല്ലാതാക്കപ്പെടുന്നത്. കേരള സർവ്വകലാശാല നിയമത്തിനകത്ത് രജിസ്റ്റേർഡ് ട്രേഡ് യൂണിയൻസുണ്ട്. രജിസ്റ്റേർഡ് ട്രേഡ് യൂണിയൻ തൊഴിലാളികൾക്ക് സർവ്വകലാശാലയിൽ എന്താണ് കാര്യം? വിവിധ മണ്ഡലങ്ങളിൽപ്പെട്ട ആളുകൾ തെരഞ്ഞെടുക്കപ്പെട്ടുകൊണ്ടാണ് സർവ്വകലാശാല സെനറ്റ് രൂപീകരിക്കുന്നത്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത് രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് എന്നു പറയുന്നത് ഒരു തട്ടിപ്പായി മാറിയിരിക്കുന്നു എന്നാണ്. ഒരു വ്യക്തിയുടെ പേരിൽ, ഒരു കെയർ ഓഫിൽ 150 പേർ ഒരുമിച്ച് രജിസ്റ്റർ ചെയ്താണ് രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് കോൺസ്റ്റിറ്റുവൻസി രൂപീകരിച്ചിരിക്കുന്നത്. പോസ്റ്റ്മാന്റെ വിജയമാണ്. ഇത് തപാലിൽ ചെന്നാൽ ശരിയായ വ്യക്തിക്ക് കൊടുക്കാതെ ചില്ലറ കൊടുത്ത് പോസ്റ്റുമാനിൽ നിന്ന് മറ്റുള്ളവർ കൊണ്ടുപോകുകയാണ്. ഇത് ജനാധിപത്യത്തിന്റെ മോക്കറിയാണ്. അങ്ങ് ഇതിന് കൂട്ടുനിൽക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത്തരത്തിലുള്ള മാർഗ്ഗങ്ങൾ നടക്കുകയാണെങ്കിൽ അതിന് പരിഹാരം കണ്ടുപിടിക്കുകയാണ് വേണ്ടത്. അസംബ്ലി തെരഞ്ഞെടുപ്പിൽ കള്ളവോട്ട് നടക്കുന്നു. അപ്പോൾ ഇലക്ഷൻ വേണ്ടെന്ന് പറയുമോ? അത് ഇല്ലാതാക്കാനുള്ള ക്രമീകരണമാണ് വേണ്ടത്. ബീഹാർ ഇലക്ഷനിൽ ബൂത്ത് പിടിത്തം നടന്നു എന്ന് വാർത്ത വന്നാൽ അത് പിന്നെ വേണ്ട എന്നു വയ്ക്കാൻ തീരുമാനമെടുക്കുമോ? ഇതിനുള്ള വഴി അതല്ല. രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് മണ്ഡലം ഏർപ്പെടുത്തുന്നതിന് കാരണമുണ്ട്. നമ്മുടെ സമൂഹത്തിന് ഇടപെടാനുള്ള അവസരം വേണം. സർവ്വകലാശാല ഇടപെടാൻ വേണ്ടിയാണ് രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സ് മണ്ഡലം ഉണ്ടാക്കിയിരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾക്ക് സർവ്വകലാശാല ഭരണത്തിലെന്താണ് കാര്യം എന്ന് ചോദിച്ചുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരെ സെനറ്റിൽ നിന്ന് ഇല്ലാതാക്കുന്ന സ്ഥിതി ശരിയാണോ? നമ്മുടെ സമൂഹം ഇടപെടുന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം മണ്ഡലങ്ങൾ സെനറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതില്ലാതാക്കുന്നത് ശരിയല്ല. വിദ്യാർത്ഥി പ്രാതിനിധ്യം, അധ്യാപക പ്രാതിനിധ്യം, അധ്യാപകേതര ജീവനക്കാരുടെ പ്രാതിനിധ്യം അതെല്ലാം സെനറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ വൃത്യസ്ത വീക്ഷണമുള്ളവർ ചേരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ജനാധിപത്യ പ്രക്രിയയാണ് സെനറ്റ്-സിൻഡിക്കേറ്റ് സംവിധാനം വഴി ഇവിടെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സി. എച്ച്. മുഹമ്മദ് കോയ സാഹിബിനെ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ അനുസ്മരിച്ചില്ലേ? അദ്ദേഹം പയറ്റിയ നിയമമാണ് 1967-ലെ ബിൽ. ആ ബില്ലിലെ അന്തസത്തയ്ക്ക് വിരുദ്ധമായിട്ടാണ് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇവിടെ പ്രവർത്തിക്കുന്നത്. സി. എച്ച്. മുഹമ്മദ് കോയയോട് ഇപ്പോഴും ബഹുമാനം ഉണ്ടെങ്കിൽ അങ്ങ് ഇത് പിൻവലിക്കണം. സി. എച്ച്. മുഹമ്മദ് കോയയാണ് കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലും, സെനറ്റിലും ജനാധിപത്യസ്വഭാവമുള്ള നിയമനിർമ്മാണം കൊണ്ടുവന്നത്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും അപ്പോഴാണ് കൊണ്ടുവന്നത്. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇന്ന് സി. എച്ച്. മുഹമ്മദ് കോയയെ പരാമർശിച്ചതുകൊണ്ട് പറയുകയാണ്. അദ്ദേഹം ഏർപ്പെടുത്തിയിരുന്ന ജനാധിപത്യ സംവിധാനത്തെ തകർക്കുന്ന വിധത്തിലുള്ളതാണ് ഈ ബിൽ. അങ്ങിതിന് കൂട്ട് നിൽക്കരുത്. കോൺഗ്രസ്സ് തയ്യാറാക്കിയ ബില്ലാണെങ്കിൽ അത് അവരുടെ മുഖത്ത് വലിച്ചെറിയണം. അതിന് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ തയ്യാറാകുമോ? മറ്റൊന്ന് സ്വയംഭരണ പദവി കൊടുക്കണമെന്നുള്ളതാണ്. ഗവണ്മെന്റ് കോളേജുകൾക്ക് ആട്ടോണമസ് പദവി കൊടുക്കാം. സർവ്വകലാശാല ഡിപ്പാർട്ടുമെന്റിനും ആട്ടോണമസ് പദവി കൊടുക്കാം. പക്ഷേ എയിഡഡ് കോളേജിന് ആട്ടോണമസ് പദവി കൊടുക്കുന്നത് ശരിയാണോ? ഇവർക്ക് ഈ പദവി കൊടുത്താൽ നാളെ അൺ എയിഡഡ് കോളേജിനും കൊടുക്കേണ്ടിവരും. സർവ്വകലാശാലയ്ക്ക് ഡോക്ടർ ബിരുദം കൊടുക്കാനവകാശമുണ്ട്. എം. ജി. സർവ്വകലാശാലയിൽ കേരളത്തിലെ ഒരു പ്രമുഖനായ രാഷ്ട്രീയ നേതാവിന് ഡോക്ടറേറ്റ് കൊടുത്തല്ലോ. പേര് ഞാൻ പറയുന്നില്ല. അന്ന് ആ സർവ്വകലാശാല ജീവനക്കാരും വിദ്യാർത്ഥികളും ഒരു കഴുതയുടെ പുറത്ത് ഡോക്ടർ എന്നെഴുതി വച്ച് ടൗണിൽക്കൂടി നടത്തി. ഈ രാജ്യത്ത് ആർക്കും ഡോക്ടറേറ്റ് കിട്ടുന്ന അവസ്ഥ വരും. അൺ എയിഡഡ് കോളേജിന് പോലും ആട്ടോണമസ് പദവി കൊടുക്കുന്ന, ആർക്കും ഡോക്ടറേറ്റ് എന്ന അവസ്ഥയിലേക്ക് കേരളം ചെന്നെത്തും. ഇത് വേണമോ എന്നതിനെ സംബന്ധിച്ച് ഗവണ്മെന്റ് പുനരാലോചിക്കണം. മറ്റൊന്ന്, കാലാവധി കഴിഞ്ഞാലും സെനറ്റിന്റെ പരമാധികാരത്തോടുകൂടി സിൻഡിക്കേറ്റിൽ തുടരാൻ പറ്റുന്ന സ്ഥിതി മാറ്റുമോ എന്നദ്ദേഹം ഇവിടെ ചോദിച്ചു. ഇപ്പോൾ ചെയ്തിരിക്കുന്നതെന്താണ്. നോമിനേറ്റ് ചെയ്തിരിക്കുന്ന ഏഴംഗ ഭരണ സമിതിയ്ക്ക് 6 മാസം എന്നു മാത്രമല്ല, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറഞ്ഞത് 6 മാസ ഇടക്കാല സംവിധാനം എന്നാണ്. പുതിയ സിൻഡിക്കേറ്റും സെനറ്റും രൂപം കൊള്ളുന്നതുവരെ ഈ ഏഴ് പേർക്ക് ഇവിടെ തുടരാം. എന്നുപറഞ്ഞാൽ സംഭവിക്കാൻ പോകുന്നത് ആറു മാസത്തിനുള്ളിൽ ഇവിടെ ഇലക്ഷൻ നടക്കാൻ പോകുന്നില്ല. രാവിലെ മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ സെപ്റ്റംബർ മാസത്തിൽ കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടക്കണം. ആറു മാസത്തിനുള്ളിൽ കേരളത്തിൽ നടക്കാൻ പോകുന്ന പ്രധാനപ്പെട്ട ഇലക്ഷൻ അതാണ്. ഈ ഇലക്ഷൻ നടപടി നീട്ടിവയ്ക്കാൻ പോകുകയാണ്. ഫലത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്നു പോകുന്നതുവരെ ഈ ഏഴംഗ സിൻഡിക്കേറ്റിന് ഭരണം നടത്താൻ കഴിയുന്ന വിധത്തിലാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഏഴംഗ ഇടക്കാല ഭരണ സമിതിക്ക് എത്ര കാലംവരെയും അധികാരത്തിൽ തുടരാൻ സാധിക്കത്തക്കവിധത്തിലുള്ള ക്രമീകരണമാണ് ഈ ഓർഡിനൻസിനകത്ത് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇനിയിപ്പോൾ ഇലക്ഷൻ പ്രക്രിയയെല്ലാം പുതുതായി തുടങ്ങണം. എം.എൽ.എ. പ്രതിനിധികളുടെ ഇലക്ഷൻ കഴിഞ്ഞുവെന്നാണ് എനിക്കുതോന്നുന്നത്. ഇതെല്ലാം ആറു മാസംകൊണ്ട് പൂർത്തീകരിക്കാൻ പോകുന്നില്ല. ഇനിയിപ്പോൾ അൺ-എയിഡഡ് കോളേജുകളിലെയും സ്വാശ്രയ കോളേജുകളിലെയും പ്രിൻസിപ്പൽമാർക്കും അദ്ധ്യാപകർക്കും മറ്റുമൊക്കെ തെരഞ്ഞെടുപ്പിൽ മൽസരിക്കാനുള്ള അവസരം ഉണ്ടാകണം. അങ്ങനെ യഥാർത്ഥത്തിൽ ഇന്ന് ഗവൺമെന്റ് കോളേജുകൾ, എയിഡഡ് കോളേജുകൾ എന്നുള്ള നിലയിൽ സർവകലാശാലാ തലത്തിലുള്ള ഇന്നത്തെ സ്ഥിതിക്ക് മാറ്റം വരുത്തിക്കൊണ്ട് അൺ-എയിഡഡ് കോളേജ് മാനേജുമെന്റിനും അൺ-എയിഡഡ് കോളേജിലെ അദ്ധ്യാപകർക്കും സർവകലാശാലകളുടെ ഭരണം കൈയ്യേൽക്കാവുന്ന സ്ഥിതി ഉണ്ടാകുകയാണ്. ഈ സ്ഥിതി വന്നാൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ സാമൂഹിക നീതി അട്ടിമറിക്കപ്പെടും. യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാനെ ഇതിനകത്ത് നോമിനേറ്റ് ചെയ്തിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു, എനിക്ക് തോന്നുന്നത് വൈസ്ചാൻസലറുടെ ദേഹരക്ഷ ഉറപ്പുവരുത്താനായിരിക്കും അങ്ങനെ ചെയ്തിട്ടുള്ളതെന്നാണ്. കെ.എസ്.യു. കാരനെയാണ് നോമിനേറ്റ് ചെയ്തതെങ്കിൽ എം. ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർക്ക് സംഭവിച്ചതുപോലെ രണ്ടു പല്ല് നഷ്ടപ്പെടുമെന്നതു കൊണ്ടായിരിക്കും അവരെ ആരെയും നോമിനേറ്റ് ചെയ്യാതെ ഇങ്ങനെ ചെയ്തിട്ടുള്ളത്. അത് തരക്കേടില്ല. പക്ഷേ കോളേജ് തെരഞ്ഞെടുപ്പ് നടത്താതെ അടുത്തപ്രവാശ്യം യൂണിവേഴ്സിറ്റി യൂണിയന്റെ പ്രതിനിധി ഇവിടെ ഉണ്ടാകാൻ പോകുന്നില്ല. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ പറയുന്നു, സുപ്രീം കോടതിയിൽ കേസാണെന്ന്. കോടതി പറയുന്നത് കേട്ടു നടക്കാനാണോ ലെജിസ്ലേച്ചർ? സ്വതന്ത്രസ്ഥാപനമായ ലെജിസ്ലേച്ചറിന് നിയമ നിർമ്മാണം നടത്താനുള്ള അവകാശമുണ്ട്. കോളേജ് തെരഞ്ഞെടുപ്പ് എങ്ങനെ നടത്തണമെന്നതിന് സർവകലാശാല നിയമത്തിൽ വ്യക്തമായ വ്യവസ്ഥ കൊണ്ടുവരണം. കോടതി പറയുന്നത് മറികടക്കാൻ വേണ്ടിയുള്ള കാര്യങ്ങൾ വിശ്വനാഥന്റെ കേസിൽ താൽപ്പര്യം കാണിച്ച ഈ ഗവൺമെന്റ് എന്തുകൊണ്ട് ഇത്തരം കാര്യങ്ങളിൽ താല്പര്യം കാണിക്കുന്നില്ല? വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം തന്നെ ഇല്ലാതാക്കത്തക്കവിധത്തിൽ മാനേജുമെന്റ് ഇടപെടുമ്പോൾ മന്ത്രിസഭ അതിന് കൂട്ടുനിൽക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടത്തത്തക്കവിധത്തിൽ ഒരു നിയമനിർമ്മാണം കൂടി ഉണ്ടാവണം. അതിന്റെ ഭാഗമായിട്ടുള്ള തടസ്സങ്ങൾ നീക്കണം. അതിന് നിയമസഭയുടെ പൂർണ്ണമായ അംഗീകാരം വേണം. അത്തരത്തിൽ ഒരു നിയമനിർമ്മാണം കൊണ്ടുവരണം. ഈ നിയമത്തിൽ മാറ്റം വരുത്തിക്കൊണ്ട് അവതരിപ്പിക്കണമെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. വി. ഡി. സതീശൻ: 2005-ലെ സർവകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ അവതരിപ്പിച്ച സർവകലാശാല നിയമങ്ങൾ (ഭേദഗതി)

LIBRARY ARCHIVES Kerala Legislative Assembly

ബില്ലിൽ നിരാകരണപ്രമേയം അവതരിപ്പിച്ച് സംസാരിച്ച പ്രതിപക്ഷ അംഗങ്ങളെല്ലാം സ്ഥിരമായി പറയുന്ന കാര്യങ്ങളാണ് പറഞ്ഞത്. കാരണം അക്കാഡമിക് സ്വാതന്ത്ര്യത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന, ജനാധിപത്യ സ്വഭാവം നഷ്ടപ്പെടുത്തി, ജനാധിപത്യം ധ്വംസിക്കുന്നു എന്നൊക്കെയുള്ള സ്ഥിരമായ വാചകങ്ങളാണ് പറഞ്ഞത്. ഇവിടെ ജനാധിപത്യം എവിടെയാണ് ഹനിക്കപ്പെടുന്നത് എന്നാണ് മനസ്സിലാകാത്തത്. 2004 ജനുവരിയിലാണ് കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ കാലാവധി തീർന്നത്. 2003 ഡിസംബറിൽ കാലിക്കട്ട് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ കാലാവധി തീർന്നതാണ്. സിൻഡിക്കേറ്റിന്റെ കാലാവധി തീർന്നിട്ടും നിയമത്തിലുള്ള പഴുത് ഉപയോഗിച്ച് ഒന്നിൽ ചിലാനം വർഷം അധികാരത്തിൽ തുടർന്ന ആളുകൾ തെരഞ്ഞെടുപ്പ് നടത്തുമെന്ന് പ്രഖ്യാപിച്ചുകൊണ്ടുതന്നെ ആറുമാസത്തേക്ക് മറ്റൊരു സംവിധാനമുണ്ടാക്കിക്കൊണ്ട് പിരിച്ചുവിട്ടതാണോ ജനാധിപത്യ ധ്വംസനം? അർഹതപ്പെട്ട കാലഘട്ടം കഴിഞ്ഞതിനുശേഷവും ഒരു വർഷത്തിൽ കൂടുതൽ അധികാരത്തിലിരുന്ന സിൻഡിക്കേറ്റ് അംഗങ്ങളെയാണ് പിരിച്ചുവിട്ടത്. ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഏതോ സ്വാശ്രയകോളേജിനെതിരായി തീരുമാനമെടുത്തതിനാണ് കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിനെ പിരിച്ചു വിട്ടതെന്നാണ്. അങ്ങനെ ഒരു തീരുമാനവുമെടുക്കാൻ അവർക്ക് അധികാരമില്ല. സാധാരണ കെയർടേക്കർ ഗവൺമെന്റ് വന്നുകഴിഞ്ഞാൽ ഡേ-ടു-ഡേ അഡ്മിനിസ്ട്രേഷൻ നടത്താൻ മാത്രം വേണ്ടിയിട്ടുള്ള അധികാരമാണ് കൊടുക്കുന്നത്. അതുപോലെതന്നെ അങ്ങനെയുള്ള പ്രധാനപ്പെട്ട തീരുമാനങ്ങൾ കാലാവധി കഴിഞ്ഞിരിക്കുന്ന ഒരു സിൻഡിക്കേറ്റിന് എടുക്കാൻ കഴിയുകയില്ലല്ലോ. കാലാവധി കഴിഞ്ഞ് ഒരുവർഷം കഴിഞ്ഞിട്ടും തുടരുകയാണ്. സെക്ഷൻ 22-ലെ മൂന്നാമത്തെ നിബന്ധന മാറ്റിക്കൊണ്ട്, കാലാവധി തീർന്ന സമയത്തുള്ള ഒരു നിയമത്തിന്റെ വശം മാറ്റിക്കൊണ്ടാണ് ഇവിടെ ഈ തീരുമാനമെടുത്തിരിക്കുന്നത്. സിൻഡിക്കേറ്റിന്റേയും സെനറ്റിന്റേയും കാലാവധി ഒരുമിച്ച് അവസാനിപ്പിക്കണമെന്ന ഒരു നിർദ്ദേശം കൊണ്ടുവന്നിട്ടുണ്ട്. എന്ത് ജനാധിപത്യ ധ്വംസനമാണ് ഇതിലുള്ളത്? സിൻഡിക്കേറ്റിന്റെ പേരന്റ് ബോഡിയെന്നു പറയുന്നത് സെനറ്റാണ്. സിൻഡിക്കേറ്റിന്റെ കാലാവധി കഴിയുമ്പോഴും സെനറ്റിന്റെ കാലാവധി കഴിയുന്നില്ല. സെനറ്റിന്റെ കാലാവധി കഴിയുമ്പോഴും സിൻഡിക്കേറ്റിന്റെ കാലാവധി കഴിയുന്നില്ല എന്നുപറയുന്നതുതന്നെ ആ നിയമനിർമ്മാണത്തിലെ പാളിച്ചയാണ് കാണിക്കുന്നത്. ആ പാളിച്ച ഈ ഭേദഗതിയിലൂടെ നികത്തണം. കാരണം സിൻഡിക്കേറ്റ് മെമ്പർ ആകണമെങ്കിൽ സെനറ്റ് മെമ്പർ ആകണം. അപ്പോൾ സെനറ്റിന്റേയും സിൻഡിക്കേറ്റിന്റേയും കാലാവധി ഒരുമിച്ചു തീരണമെന്നുപറയുന്നതിൽ യാതൊരു തെറ്റുമില്ല. പിന്നെ നിലവിലുള്ള അംഗങ്ങളുടെ അംഗത്വം അവസാനിപ്പിക്കാവുന്നതാണ്. അതുപോലെ തന്നെ ഇവിടെ രജിസ്റ്റർഡ് ഗ്രാഡ്വേറ്റ്സിന്റെ നിയോജകമണ്ഡലം മാറ്റുന്നതിനെക്കുറിച്ചാണ് വലിയ വാദമുഖങ്ങൾ ഉന്നയിച്ചത്. എല്ലാപേരും ഒരു കാര്യം സൂചിപ്പിച്ചു. ഇവിടെ പോസ്റ്റുമാൻ ആണ് മൽസരിച്ചിരുന്നത്. പോസ്റ്റുമാനെ കൈകാര്യം ചെയ്യുന്ന ആളാണ് രജിസ്റ്റർഡ് ഗ്രാഡ്വേറ്റ്സിന്റെ പ്രതിനിധിയായി സെനറ്റിൽ വന്നിരുന്നതെന്ന് എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. കാലം മാറി ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ഒരു കാര്യം സൂചിപ്പിച്ചു. നമുക്കറിയാം കേരള കൗമുദി പത്രം

LIBRARY ARCHIVES Kerala Legislative Assembly

തുറക്കുമ്പോൾ സ്ഥാപക ചെയർമാൻ കെ. സുകുമാരൻ. ബി. എ. എന്നു കാണാം. അന്ന് ബി. എ. എന്നുള്ള ഡിഗ്രി വയ്ക്കുന്നതിനു കാരണം വളരെ അപൂർവം ആളുകൾക്ക് മാത്രമേയുള്ളൂ ആ ഡിഗ്രി. കേരളത്തിൽത്തന്നെ വളരെ അപൂർവം ആളുകൾക്ക് മാത്രം ഗ്രാഡ്വേഷനുള്ള കാലത്താണ് ഗ്രാഡ്വേറ്റ്സിന് കോൺസ്റ്റിറ്റ്യുവൻസി ഉണ്ടായിരുന്നത്. ഇന്ന് ഗ്രാഡ്വേഷൻ എന്നുപറയുന്നത് ഫ്ളഡ് ചെയ്തിരിക്കുകയാണ്. അതിനേക്കാളും നല്ലത് വോട്ടേഴ്സ് ലിസ്റ്റ് വച്ചിട്ട് അതിന്റെ ഒരു കോൺസ്റ്റിറ്റ്യുവൻസി ഉണ്ടാക്കുന്നതാണ്. രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ കോൺസ്റ്റിറ്റ്യുവൻസിയേക്കാൾ നല്ലത് വോട്ടേഴ്സ് ലിസ്റ്റ് വച്ചിട്ട് അതിന്റെ ഒരു കോൺസ്റ്റിറ്റ്യുവൻസി അല്ലെങ്കിൽ എസ്. എസ്. എൽ. സി. പാസ്സായ ആളുകളുടെ ഒരു കോൺസ്റ്റിറ്റ്യുവൻസി ആണ്. ഇതൊക്കെ കാലാനുസൃതമായ മാറ്റങ്ങളാണ്. ഈ മാറ്റങ്ങളെ സ്വാഗതം ചെയ്യണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ ഈ അനോമലി പരിഹരിച്ച് അതു കുറച്ചുകൂടി ഫലപ്രദമാക്കി എല്ലാപേർക്കും നേരിട്ട് വോട്ട് ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. യൂണിവേഴ്സിറ്റി പരീക്ഷാ നടത്തിപ്പും അക്കാഡമിക് ചർച്ചകളും റിസർച്ച് ഏർപ്പാടുകളും നിർത്തിവച്ച്, രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ ഇലക്ഷൻ എങ്ങനെ കൃത്യമായി നേരത്തേ നടത്താമെന്നതിനെക്കുറിച്ച് ആലോചനയായി. യൂണിവേഴ്സിറ്റിയുടെ മുഴുവൻ പണവും സമയവും അതിനുവേണ്ടി ചെലവഴിക്കണമോ; അതിന്റെ റിസൽട്ട് എന്താണ്? ബീഹാറിലെ തെരഞ്ഞെടുപ്പിന്റെ കാര്യം പറഞ്ഞു. ബീഹാറിൽ തെരഞ്ഞെടുപ്പിന് അർദ്ധ സൈനിക വിഭാഗത്തെയും സൈനിക വിഭാഗത്തെയും വിന്യസിക്കുന്നതുപോലെ രജിസ്റ്റേർഡ് ഗ്രാഡ്വേറ്റ്സിന്റെ ഒരു നിയോജകമണ്ഡലം നിലനിർത്തിക്കൊണ്ട് യൂണിവേഴ്സിറ്റി വ്യാഴാവ്യാഴാം നടത്തുന്നത് എന്തിനുവേണ്ടിയാണ്? ഈ നിയമം മാത്രമല്ല, കേരള സർവകലാശാലയുടെ കാര്യങ്ങൾക്ക് കേരളത്തിൽ ഫലപ്രദമായ നിയമം കൊണ്ടുവരണമെന്ന് അഭിപ്രായമുള്ള ആളാണ് ഞാൻ. യൂണിവേഴ്സിറ്റി സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും ഘടനയുടെ കാര്യത്തിൽ വളരെ കൺവെൻഷണലായ അപ്രോച്ചാണുള്ളത്. അതിന് യാതൊരു മാറ്റവും വരുത്താൻ സമ്മതിക്കുകയില്ല. അതിനൊന്നും മാറ്റം വരുത്തിയിട്ടില്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസ നിലവാരം തകർന്നുപോകും. ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഉണ്ടാകണം. അക്കാഡമിക് ആയി മുൻപന്തിയിലുള്ളവർ സർവകലാശാലകളിൽ പഠിപ്പിക്കാനുള്ള സംവിധാനം സൃഷ്ടിക്കണം. അതോടൊപ്പംതന്നെ അതിൽ കാതലായ മാറ്റവും വരുത്തണം. യൂണിവേഴ്സിറ്റിയുടെ അഡ്മിനിസ്ട്രേഷൻ നടത്തുന്നത് സിൻഡിക്കേറ്റും സെനറ്റും എന്നൊക്കെ പറയുമ്പോൾ ആളുകൾ പൊട്ടിത്തെറിക്കുകയാണ്. ഞാൻ രണ്ടു യൂണിവേഴ്സിറ്റികളുടെ സെനറ്റിൽ ഒരുപാടുവർഷം ഇരുന്നയാളാണ്. എന്റെ ഓർമ്മയിൽ ഇന്നേവരെ യൂണിവേഴിസിറ്റിയുടെ സെനറ്റിൽ ഒരു അക്കാഡമിക് കാര്യവും ചർച്ചചെയ്തതായി എനിക്ക് ഒരു ഓർമ്മയുമില്ല. കേരളത്തിൽ ഇത്രയും സർവകലാശാലകളുള്ളതിൽ ഏതെങ്കിലും ഒരു സെനറ്റിൽ എന്തെങ്കിലും ഒരു അക്കാഡമിക് കാര്യം ചർച്ച ചെയ്തതായി ഒരു പത്രവാർത്തപോലും വന്നിട്ടില്ല. ഒന്നുകിൽ വാക്കൗട്ട്, അല്ലെങ്കിൽ ബഹളം, അല്ലെങ്കിൽ സർവീസ് കാര്യങ്ങൾ; ഒരു കോലാഹല സഭയായി സെനറ്റ് മാറിയിരിക്കുകയാണ്. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള ആളുകൾ മോശമായി സംസാരിക്കുന്ന, തെറിവിളിക്കുന്ന, എല്ലാ മര്യാദകളും ലംഘിക്കുന്ന ഇത്തരം കോലാഹല സഭകൾ, കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

സെനറ്റുകൾ ഇങ്ങനെ കൊണ്ടുപോയാൽ മതിയോ? അക്കാഡമിക് സ്വാതന്ത്ര്യം എന്ന് വലിയ വായിൽ നിലവിളിച്ച്, ഇതാണ് ജനാധിപത്യ ധ്വംസനമെന്ന് പറഞ്ഞ് പോയാൽ മതിയോ? ഇത്തരം കോലാഹല സഭകൾക്ക് ഒരു മാറ്റം വേണ്ടേ? ഇവിടെ സിൻഡിക്കേറ്റിൽ ഐ.റ്റി./ബി.റ്റി. വച്ചോ അല്ലെങ്കിൽ അദ്ധ്യാപക പ്രതിനിധിയെ വച്ചോ? ആരെ വയ്ക്കുന്നു എന്നുള്ളതല്ല പ്രശ്നം, ഒരു നിയോജക മണ്ഡലത്തിൽ നോമിനേഷൻ ആണെങ്കിൽ അങ്ങിനെ തെരഞ്ഞെടുപ്പാണെങ്കിൽ അങ്ങിനെ തെരഞ്ഞെടുപ്പും നോമിനേഷനും തമ്മിൽ വലിയ വ്യത്യാസമില്ല. കാരണം ഓർഗനൈസ്ഡ് ആയിട്ടുള്ള സംഘടനകൾ കേരളത്തിൽ ആരെ നിർത്തിയാലും അവർ ജയിക്കും. അപ്പോൾ അത് ഫലത്തിൽ നോമിനേഷനാണ്. ഏറ്റവും കൂടുതൽ സ്വാധീനമുള്ള അദ്ധ്യാപക സംഘടനകൾ ആരെ നിർത്തിയാലും ജയിക്കും.

[അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ]

തെരഞ്ഞെടുപ്പിൽ നിർത്തുന്ന ഒരാൾ, സിൻഡിക്കേറ്റിൽ അല്ലെങ്കിൽ ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന ഒരാൾ, ആ ആൾ എങ്ങനെയായിരിക്കണം എന്ന് ഗവൺമെന്റിന് ബോദ്ധ്യം ഉണ്ടാകണം. സർവ്വകലാശാലകളിൽ ആരെയും കുത്തി നിറയ്ക്കാം എന്ന ധാരണ ഒരു കാരണവശാലും ഉണ്ടാകരുത്. നോമിനേഷൻ സമ്പ്രദായമായാലും തെരഞ്ഞെടുപ്പു സമ്പ്രദായമായാലും ഇത് നടത്തിക്കൊണ്ട് പോകാൻ കഴിവുള്ള ആളുകൾ അക്കാഡമിക് കാര്യങ്ങൾ അറിയാവുന്ന ആളുകൾ ഇതുമായി ബന്ധമുള്ള ആളുകൾ സബ്ജക്ടുമായി ബന്ധമുള്ള ആളുകൾ അവരെയെങ്കിലും വയ്ക്കാൻ എല്ലാ ഗവൺമെന്റുകളും തയ്യാറാകണമെന്നാണ് എന്റെ വിനീതമായ നിർദ്ദേശം. എങ്കിൽ മാത്രമേ വളരെ വിശദമായ ചർച്ചകൾ ഇക്കാര്യങ്ങളിൽ നടക്കുകയുള്ളൂ. ഇവിടെ യൂണിവേഴ്സിറ്റി യൂണിയന്റെ ചെയർമാനെ ഉൾപ്പെടുത്തി വിദ്യാർത്ഥി പ്രാതിനിധ്യം, അത് വളരെ സ്വാഗതാർഹമാണ്. കാരണം ഇടക്കാലത്ത് വന്ന യു.ജി.സി. നിർദ്ദേശം അനുസരിച്ച് വിദ്യാർത്ഥി പ്രാതിനിധ്യം ഒഴിവാക്കുകയായിരുന്നു. അതുപോലെതന്നെ സർക്കാരിൽ നിന്നു ഗ്രാന്റുകൾ ലഭിക്കുന്ന സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ മാത്രമേ നടത്താൻ പാടുള്ളുവെന്നാണ്. അത്രയും സ്വാതന്ത്ര്യം വേണ്ടേ? അവിടെ ആരെയും നിയമിക്കാൻ കഴിയാവുന്ന ഏത് ഡിപ്പാർട്ടുമെന്റും പുതുതായി ഉണ്ടാക്കാൻ കഴിയുന്ന അനാവശ്യമായ തസ്തികകൾ ഉണ്ടാക്കി സർവ്വകലാശാലകളുടെ സമ്പദ് വ്യവസ്ഥ തന്നെ തകർക്കുന്ന സംവിധാനങ്ങളുണ്ടായി. ഗവൺമെന്റിന് ആ കാര്യത്തിൽ നിയന്ത്രണം വേണം. അതുപോലെതന്നെ ഇവിടെ സർവ്വകലാശാലകളുടെ അധികാരങ്ങളുമായി ബന്ധപ്പെട്ട് അക്കാഡമിക് സ്വയംഭരണം നൽകുന്ന കാര്യം പറഞ്ഞിട്ടുണ്ട്. അഫിലിയേറ്റ് ചെയ്ത കോളേജിനോ അഫിലിയേറ്റ് ചെയ്ത കോളേജിന്റെ വകുപ്പിനോ അല്ലെങ്കിൽ സർവ്വകലാശാല വകുപ്പിനോ അക്കാഡമിക് സ്വയംഭരണം നൽകുക എന്നുള്ളതിനെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മെമ്പർ കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ വാദത്തോട് യോജിക്കുകയാണ്. ആദ്യം സർവ്വകലാശാല വകുപ്പുകൾക്ക് ഭരണ സ്വാതന്ത്ര്യം കൊടുക്കണം. മണ്ഡാരത്ത് സർക്കാർ കോളേജുകൾക്ക് കൊടുക്കണം. മൂന്നാമത് വർഷങ്ങളായി നിലനിൽക്കുന്ന കേരളത്തിലെ പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾമാത്രം സെലക്ട് ചെയ്ത് സ്വയം ഭരണ സ്വാതന്ത്ര്യം കൊടുക്കാം. ഈ സ്ഥാപനങ്ങൾക്ക്ഓട്ടോണമസ് അധികാരം കൊടുക്കുന്നതോടൊപ്പംതന്നെ സർക്കാർ ശമ്പളം കൊടുക്കുന്ന ഏർപ്പാട് കൂടി നിർത്തലാക്കണം. അവർക്ക് അക്കാഡമിക്ക് സ്വാതന്ത്ര്യവും

LIBRARY ARCHIVES Kerala Legislative Assembly

ഓട്ടോണമസ് സ്വയം ഭരണാവകാശവും കൊടുക്കണം. അക്കാഡമിക് എക്സലൻസായി പ്രഖ്യാപിക്കണം. കൂടെ ശമ്പളം കൊടുക്കുന്ന പരിപാടി സർക്കാർ എന്തിനാണ് ചെയ്യുന്നത്? അവർ അക്കാഡമിക് എക്സലൻസും ഓട്ടോണമസ് അധികാരങ്ങളും വച്ച് ആ സ്ഥാപനം നന്നായി നടത്തിക്കൊണ്ടുപോകട്ടെ. സർവ്വകലാശാല തലത്തിൽ വലിയ മാറ്റങ്ങൾ വരേണ്ടതായിട്ടുണ്ട്. അതുപോലെ തന്നെ അൺഎയ്ഡഡ് കോളേജുകളിൽ ഏർപ്പെടുത്തേണ്ട കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നിശ്ചയിക്കണം. നിങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്ന കാര്യങ്ങളല്ലേ. കോളേജ് ഷെഡിൽ തുടങ്ങിയെന്നും ബഞ്ചില്ലാത്ത സ്ഥലത്ത് തുടങ്ങിയെന്നുമൊക്കെ. ഈ ഗവൺമെൻറ് അധികാരം എടുക്കുകയാണോ? അല്ലല്ലോ, ഈ ഗവൺമെന്റ് യൂണിവേഴ്സിറ്റികൾക്ക് അധികാരം കൊടുത്തിരിക്കുന്നു. എന്തിനാണ് അൺ എയ്ഡഡ് കോളേജുകൾ തുടങ്ങുമ്പോൾ ഏറ്റവും കുറഞ്ഞ അടിസ്ഥാന സൗകര്യം? എന്ത് വേണമെന്ന് നിശ്ചയിക്കാനുള്ള അധികാരം യൂണിവേഴ്സിറ്റികൾക്ക് കൊടുത്തതാണോ? യൂണിവേഴ്സിറ്റികളുടെ അക്കാഡമിക്ക് സ്വാതന്ത്യത്തിൽ കൈകടത്തുന്നതിൽ ആക്ഷേപം ഉന്നയിച്ചതാരാണ്. അൺഎയ്ഡഡ് കോളേജിൽ അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും യോഗ്യത നിശ്ചയിക്കാനുള്ള അധികാരം ഈ ഗവൺമെൻറ് കൊടുത്തിരിക്കുന്നത് ആർക്കാണ്? യൂണിവേഴ്സിറ്റികൾക്ക്. യൂണിവേഴ്സിറ്റിയിലെ സിൻഡിക്കേറ്റുകൾ, സെനറ്റുകൾ അതുമായി ബന്ധപ്പെട്ട അക്കാഡമിക് സമിതികൾ തീരുമാനിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകർക്കും അദ്ധ്യാപകേതർക്കും മാത്രമേ അവിടെ പഠിപ്പിക്കാൻ കഴിയുകയുള്ളൂ എന്ന തീരുമാനമാണ് എടുത്തിരിക്കുന്നത്. ഇവിടെ ഒരുപാട് മാറ്റങ്ങൾ അക്കാഡമിക് സമിതികളിൽ വരുത്തിക്കൊണ്ട് സമൂലമായ ഒരു നിയമനിർമ്മാണം നടത്തണം. നമ്മളൊക്കെ ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ പല അദ്ധ്യാപകരെയും കാണുന്നുണ്ട്. അവരെല്ലാവരും യു.ജി.സി. സ്കെയിലിനെക്കുറിച്ച് സംസാരിക്കുകയാണ്. ഇന്നുവരെ ഒരു അദ്ധ്യാപകനും യു.ജി.സി. സ്ക്കീമിനെക്കുറിച്ച് സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല. യു.ജി.സി. സ്ക്കീമിന്റെ ഒരു പാർട്ട് മാത്രമാണ് യു.ജി.സി. സ്കെയിൽ. ഇന്ത്യയിലെ വിദ്യാഭ്യാസ നിലവാരവും യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ നിലവാരവും ഉയർത്തുന്നതിനുവേണ്ടിയാണ് യു.ജി.സി. സ്കീം കൊണ്ടുവന്നത്. ആ സ്ക്കീമിന്റെ ഒരു പാർട്ട് മാത്രമായ യു.ജി.സി. സ്കെയിലിനെക്കുറിച്ച് ഏത് സമയത്തും സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീ. ടി. പി. രാമകൃഷ്ണൻ സംസാരിച്ചപ്പോൾ ഇവിടെ ഫീസ് നിശ്ചയിക്കാനുള്ള അധികാരംകൂടി യൂണിവേഴ്സിറ്റിക്ക് കൊടുക്കണമായിരുന്നോ എന്ന് ചോദിച്ചു.

<u>ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ</u>: ഇങ്ങനെ മുഴുവൻ അദ്ധ്യാപകരെയും അടച്ച് ആക്ഷേപിക്കുന്നത് അങ്ങയെപ്പോലെയുള്ളവർക്ക് യോജിച്ചതാണോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: അദ്ധ്യാപകരെ ഞാൻ ആക്ഷേപിച്ചില്ല. യു.ജി.സി. സ്കെയിലിനെക്കുറിച്ചാണ് പറഞ്ഞത്. അദ്ധ്യാപക നിലവാരം ഉയർത്തണം. അൺഎയ്ഡഡ് കോളേജിൽ ഫീസ് നിശ്ചയിക്കാനുള്ള നിയമനിർമ്മാണം കൂടി വേണമെന്നു പറഞ്ഞു. ഈ ലോകത്തല്ലേ നിങ്ങൾ ജീവിക്കുന്നത്? ഇവിടെ എത്രയോ കോടതി വിധികൾ വന്നു. ഹൈക്കോടതി വിധി വന്നു. സുപ്രീംകോടതി വിധി വന്നു. ഏറ്റവും അവസാനം വന്നിരിക്കുന്ന കോടതി വിധി പ്രകാരം ഗവൺമെന്റിനോ

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റികൾക്കോ അൺഎയ്ഡഡ് കോളേജുകളിൽ ഫീസ് നിശ്ചയിക്കാനുള്ള ഭേദഗതി കൊണ്ടുവരാൻ കഴിയുമോ? ഭേദഗതി കൊണ്ടുവന്നാൽ ആ ഒറ്റ കാരണത്തിന്റെ പേരിൽ ഈ നിയമം ഭരണഘടനാവിരുദ്ധമാണെന്നു പ്രഖ്യാപിക്കും. നമ്മൾ യാഥാർത്ഥ്യബോധത്തോടുകൂടി അത് കൊണ്ടുവന്നിരിക്കുന്നതുകൊണ്ടാണ് അത്തരം കാര്യങ്ങൾ ഇതിൽ വരാതിരുന്നത്. ഇവിടെ നടന്ന ചർച്ചയിൽ വളരെ മോശമായി സർവ്വകലാശാലയുടെ വൈസ് ചാൻസലർമാരെക്കുറിച്ചുള്ള ഒരു പരാമർശം വന്നു. ഞാൻ ഒരു വ്യക്തിയുടെയും പേര് പറയുന്നില്ല. പക്ഷേ ശ്രീ. കോടിയേരി ബാലകൃഷ്ണനടക്കമുള്ള ആളുകൾ സർവ്വകലാശാലകളുടെ വൈസ് ചാൻസിലർമാരെപ്പറ്റി പറഞ്ഞു. നമുക്ക് വലിയ ഒരു കൺസെപ്റ്റ് ഉണ്ടായിരുന്നു. സർവ്വകലാശാല വൈസ് ചാൻസലർ എന്നു പറഞ്ഞാൽ ഡോക്ടർ സാമുവൽ മത്തായി വൈസ് ചാൻസലറായിരുന്ന കാലത്ത്, അന്നത്തെ കേരള മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. അങ്ങോട്ട് അപ്പോയ്മെന്റ് വാങ്ങി അദ്ദേഹത്തെ കണ്ടിട്ടുണ്ട്. അതൊക്കെ കേട്ടിട്ടുള്ള നമ്മൾ, ഞാൻ പഠിക്കുന്ന കാലത്ത് കേരളത്തിലെ ഒരു വൈസ് ചാൻസലർ (ആരാണെന്നു ഞാൻ പറയുന്നില്ല.) ഒരു ഭരണകക്ഷി എം.എൽ.എ. യെനോക്കി മുന്നു മണിക്കൂർ കോട്ടയത്തെ ടി.ബി.യിൽ കാത്തിരുന്നത് കാണാനുള്ള ദൗർഭാഗ്യവും എനിക്കുണ്ടായി. ഇന്ന് എന്തൊരു മാറ്റമാണ് സംഭവിച്ചത്?

ശ്രീ. പി. ടി. തോമസ്: ഡോക്ടർ മൈക്കിളിനെപോലെ ലോക പ്രശസ്തനായ ഒരു കാർഷിക ശാസ്ത്രജ്ഞനെ പുകച്ച് പുറത്ത് ചാടിച്ചവരാണ് അപ്പുറത്തിരുന്ന് ഇപ്പോൾ വാദഗതി ഉന്നയിക്കുന്നതെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ മറന്നുപോയോ?

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഒരു വൈസ് ചാൻസലറെ മാറ്റുന്നതിനുവേണ്ടി എന്തൊരു അപമാനമാണ്, എന്തൊരു അൺസെറിമോണിയൽ എക്സിറ്റാണ് അദ്ദേഹത്തിന് കൊടുത്തത്. ബാക്കിയുള്ള വൈസ് ചാൻസലർമാരുടെ പ്രായമെല്ലാം ഒന്നുതന്നെ. ഒരു വൈസ് ചാൻസലറെ മാറ്റാൻവേണ്ടി നിയമസഭയ്ക്കുള്ള അധികാരങ്ങൾ ദുരുപയോഗപ്പെടുത്തി അദ്ദേഹത്തിന്റെ പ്രായപരിധി കുറച്ചുകൊണ്ട് അമന്റ്മെന്റ് കൊണ്ടുവന്ന ആളുകളാണ് ഇവിടെ ജനാധിപത്യത്തെക്കുറിച്ചും അക്കാഡമിക് സ്വാതന്ത്ര്യത്തെക്കുറിച്ചും പ്രസംഗിച്ചത്. ഡോക്ടർ എ. വി. വർഗ്ഗീസ് കേരള സർവ്വകലാശാലയുടെ വൈസ് ചാൻസലർ ആയിരുന്നപ്പോൾ എത്ര മോശമായാണ് അദ്ദേഹത്തെ പറഞ്ഞുവിട്ടത്. സെനറ്റ് ഹാളിന്റെ വാതുക്കൽ നിന്ന് നല്ല ഉന്നമുള്ള ആളുകൾ അദ്ദേഹത്തിന്റെ നെറ്റിക്ക് കല്ലെറിയുകയായിരുന്നു. ഇവിടത്തെ വൈസ് ചാൻസലർക്ക് കുഴപ്പം പറ്റിയിട്ടുണ്ടെങ്കിൽ, ആരെങ്കിലും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ കർശനമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതിനെയൊന്നും ന്യായീകരിക്കുന്ന ആളുകളല്ല നിങ്ങൾ. വിളനിലത്തിനെതിരായി സമരം നടന്നു. തിരുവനന്തപുരം നഗരം കത്തിയിില്ലേ? ഒരു വൈസ് ചാൻസലർക്ക് എതിരായ സമരം, എങ്ങനെയാണ് ഒരു ദിവസം രാവിലെ ആ സമരം പിൻവലിച്ചത്. സമരം പിൻവലിച്ചത് എങ്ങനെയാണെന്ന് നമുക്കറിയാം. വിളനിലത്തിന് എതിരായ സമരം പിൻവലിച്ചത്, വിളനിലം നിങ്ങൾ ചെയ്ത അതേ പണി അങ്ങോട്ടും ചെയ്തു. ഇവിടെ പരീക്ഷയ്ക്ക് ആൾമാറാട്ടം നടത്തി പിടിച്ച കുറെ നേതാക്കന്മാരെ, നിങ്ങളുടെ കുട്ടികളെ, ഡീബാർ ചെയ്യുമെന്നു കണ്ടപ്പോൾ മുട്ടുകുത്തി കോംപ്രമൈസ് ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

ജെ. വി. വിളനിലത്തിന് എതിരായുള്ള (ഞാൻ പേര് പറയുകയില്ല) സമരം പിൻവലിച്ചു. അതൊന്നും ഏത് ഗവൺമെന്റ് ഭരിച്ചാലും ഭൂഷണമല്ല. വൈസ് ചാൻസലറുടെ സ്ഥാനങ്ങളിൽ ഇരിക്കേണ്ട ആളുകൾ, അന്തസ്സുള്ളവർ, ആഭിജാത്യമുള്ളവർ, അക്കാഡമിക് എക്സലൻസുള്ളവർ, യൂണിവേഴ്സിറ്റിക്ക് അലങ്കാരമാകേണ്ടവർ അതായത് ആളിന്റെ പേര് കേട്ടാൽ യൂണിവേഴ്സിറ്റിക്ക് അത് അലങ്കാരമാകണം. അതേ സമയത്ത് അഡ്മിനിസ്ട്രേറ്റീവ് കപ്പാസിറ്റിയുള്ള ആളുകൾ കൂടി വരണം. യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർ ആയാലും പ്രോ വൈസ് ചാൻസലർ ആയാലും രജിസ്ട്രാർ ആയാലും കൺട്രോളർ ആയാലും സിൻഡിക്കേറ്റ് മെമ്പർമാരായാലും അവരെ നോമിനേറ്റ് ചെയ്യുമ്പോഴും തെരഞ്ഞെടുക്കുമ്പോഴും ഗവൺമെന്റ്, കോംപ്രൈമെസ് ചെയ്യരുത്, കോംപ്രൈമെസ് ചെയ്താൽ കേരളത്തിലെ സർവ്വകലാശാലകളും അവയുടെ നിലവാരവും തകരും. ആ സർവ്വകലാശാലകൾ കൊടുക്കുന്ന ഡിഗ്രിക്ക് കേരളത്തിന്റെ അതിർത്തിക്ക് അപ്പുറത്ത് യാതൊരു വിലയും ഇല്ലാത്ത അവസ്ഥ വരും. ഉന്നത വിദ്യാഭ്യാസത്തിന് പുറത്തുപോകുന്ന കുട്ടികൾക്ക് നമ്മുടെ സർവ്വകലാശാലകളിൽനിന്നുള്ള സർട്ടിഫിക്കറ്റ് കാണിച്ചാൽ അഡ്മിഷൻ നിഷേധിക്കപ്പെടുന്ന അവസരം ഉണ്ടാകരുത്. ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ല് യഥാർത്ഥത്തിൽ സർവ്വകലാശാലകൾക്ക് കാര്യമായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ളതാണ്. ഇതിന് സമൂലമായ മാറ്റം വരുത്തി പൂർണ്ണ രൂപത്തിലാക്കണം എന്ന് ഒന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോയി: സർ, 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു ഏകീകൃത സർവ്വകലാശാല നിയമം പിൻവലിച്ചതിനുശേഷമാണ് ഈ ചെറിയ നിയമഭേദഗതി സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. ആ ഏകീകൃത സർവ്വകലാശാലാ നിയമം പിൻവലിച്ചതിനോട് യോജിക്കാത്ത ആളാണ് ഞാൻ. അതിൽ വളരെയധികം വിവാദങ്ങളുണ്ടായിട്ടുണ്ടാകാം, വിമർശനങ്ങളുണ്ടായിട്ടുണ്ടാകാം, അഭിപ്രായ വ്യത്യാസങ്ങളുണ്ടായിട്ടുണ്ടാകാം. പക്ഷേ ആ അഭിപ്രായ വ്യത്യാസങ്ങളൊക്കെ അല്ലെങ്കിൽ വിമർശനാത്മകമായ കാര്യങ്ങളൊക്കെ തന്നെ ഇല്ലായ്മചെയ്ത് ഒരു പൊതു അഭിപ്രായമുണ്ടാക്കി ആ ബിൽ പാസ്സാക്കണമായിരുന്നു. ഇന്നുള്ള സർവ്വകലാശാലകളുടെ ഈ അധഃപതനാവസ്ഥ ഒഴിവാക്കാൻ അവ ഉപയോഗിക്കണമായിരുന്നു എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഏതായാലും കേരള യൂണിവേഴ്സിറ്റിയിൽ സിൻഡിക്കേറ്റിന്റെ കാലാവധി തീർന്നിട്ട് ഒന്നിൽചിലാനം വർഷവും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ മാസങ്ങളുമായി. ഇത്രയും നാളും തുടരുവാൻ ഇവർക്ക് ഔദാര്യം നൽകി. എന്തിനാണ് ഈ നിയമം കൊണ്ടുവരാൻ ഇത്ര വൈകിയതെന്ന് ഞങ്ങൾക്കാർക്കും മനസ്സിലാകുന്നില്ല. ഇന്ന് 8 ബില്ലുകൾ കൊണ്ടുവന്ന ദിവസമാണ്. നിയമസഭയിൽ ഇങ്ങനെയൊരു രീതി കാണിക്കുന്നത് ശരിയല്ലെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതിൽ വളരെയധികം വിഷമമുണ്ട്. നിയമസഭയിൽ നിയമപരമായ കാര്യങ്ങൾ നറുക്കുകിട്ടി വല്ലപ്പോഴും പറയാനെങ്കിലും അവസരം ലഭിക്കുമോ? അതുകൊണ്ട് അല്പം കൂടുതൽ സമയം എനിക്ക് തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഈ ബില്ലുകൾ വന്നത് എന്റെ കുറ്റംകൊണ്ടല്ല.

ശ്രീ. പി. ജെ. ജോയി: ഞാൻ ബഹുമാനപ്പെട്ട ചെയറിന്റെ കുറ്റം കൊണ്ടാണെന്ന് പറഞ്ഞില്ല. അത് ബി.എ.സി.യുടെ തീരുമാനമാണ്. അങ്ങനെ വരരുതായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. കൂടുതൽ ദിവസങ്ങളിൽ നിയമസഭ കൂടണമെന്ന് അങ്ങ് പറയുന്നത് ഉൾക്കൊണ്ടുകൊണ്ടുതന്നെയാണ് ഞാൻ അക്കാര്യം പറഞ്ഞത്. എന്തായാലും വൈകിയാണെങ്കിലും, സിൻഡിക്കേറ്റിന്റെ കാലാവധി കഴിയുമ്പോൾ തുടരുന്നത് മര്യാദയല്ല. അവർ സ്വയം രാജിവയ്ക്കേണ്ടതായിരുന്നു. ഏതായാലും യൂണിവേഴ്സിറ്റി നിയമത്തിൽ തന്നെ തലനാരിഴകീറി ഇതിൽ തുടരുന്ന ആളുകൾ സ്വയം രാജി വയ്ക്കുന്നില്ലെങ്കിൽ അങ്ങുതന്നെ ഇത് അവസാനിപ്പിക്കേണ്ടതായിരുന്നു. ഇപ്പോൾ വൈകിയാണെങ്കിലും അങ്ങനെയൊരു നിയമം കൊണ്ടുവന്ന്, ഒരു മാറ്റം വരുത്താൻ തയ്യാറായത് സന്തോഷകരമായി ഞാൻ കാണുകയാണ്. ഇവിടെ ഇപ്പോൾ ഏറ്റവും വലിയ വിമർശനം വന്നത് ബിരുദധാരികളുടെ മണ്ഡലം എടുത്തുകളഞ്ഞു എന്നുള്ളതാണ്. ബിരുദധാരികളുടെ മണ്ഡലം എടുത്തുകളഞ്ഞതിന്റെ സാഹചര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് അംഗങ്ങളും ഇവിടെ സൂചിപ്പിച്ചു. മധുര യൂണിവേഴ്സിറ്റിയിലും മദ്രാസ് യൂണിവേഴ്സിറ്റിയിലും ഇന്നും ബിരുദധാരികളുടെ മണ്ഡലം നിലനിൽക്കുന്നുണ്ട്. പക്ഷേ അവിടെ തെരഞ്ഞെടുപ്പ് നടത്താറില്ല. കാരണം അത് പ്രായോഗികമല്ല. 1956-ൽ 1000 പേരുള്ളപ്പോൾ കൊണ്ടുവന്ന ആ നിയമം ഇപ്പോൾ ലക്ഷക്കണക്കിന് ബിരുദധാരികൾ വന്നിരിക്കുന്ന സാഹചര്യത്തിൽ ഒരിക്കലും ഒരു ജനാധിപത്യത്തിന്റെ ഭാഗമാക്കാൻ കഴിയില്ല. വളരെ കാടത്തമുള്ള അല്ലെങ്കിൽ ഒരു തരത്തിലും പ്രായോഗികമായി വിജയിക്കാൻ പറ്റാത്ത ക്ലോസ്സുകൾ എടുത്തു കളയുക തന്നെ വേണം. അതിന് ഈ നിയമഭേദഗതികൾ മാത്രം പോരാ എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അക്കാഡമിക് എക്സലൻസ് ആകണമെന്നുള്ള അഭിപ്രായം എല്ലാവരും പറയും. യൂണിവേഴ്സിറ്റികളിൽ അതുണ്ടോ? ഇന്ന് സർവ്വകലാശാലകൾ എന്നുപറഞ്ഞാൽ സർവ്വകലാപശാലകളായി മാറുകയല്ലേ? അതിന് ഇടതുപക്ഷത്തിന് ഉത്തരവാദിത്വമില്ലേ? സി.പി.ഐ.(എം.)-ന് ഉത്തരവാദിത്വമില്ലേ? സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിലുള്ള എസ്.എഫ്.ഐ.-ക്ക് ഉത്തരവാദിത്വമില്ലേ? ഇന്ന് എല്ലാ സർവ്വകലാശാലകളും കലാപകലുഷിതശാലകളായി മാറുന്നു എന്നുള്ളത് നമുക്കൊക്കെ നാണക്കേടുണ്ടാക്കുന്ന കാര്യമാണ്. സർവ്വകലാശാലകളുടെ അന്തസ് നിലനിർത്താൻ കഴിയത്തക്കവിധത്തിൽ സമഗ്രമായ നിയമഭേദഗതി ബഹുമാനപ്പെട്ട ഇ. ടി. മുഹമ്മദ് ബഷീർ കൊണ്ടുവരണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഏകീകൃത സർവ്വകലാശാല നിയമം പിൻവലിച്ചെങ്കിലും ഇനിയും അദ്ദേഹത്തിന് സമയമുണ്ട്, വിദ്യാഭ്യാസ രംഗത്ത് വളരെയധികം ദീർഘവീക്ഷണത്തോടുകൂടി പല പരിപാടികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ള വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് വൈകിയാണെങ്കിലും വീണ്ടും ഒരവസരം ലഭിച്ചപ്പോൾ തീർച്ചയായും അത് പ്രയോജനപ്പെടുത്തി സർവ്വകലാശാലകളെ കുറേക്കൂടി കുറ്റമറ്റ സംവിധാനമാക്കി മാറ്റാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അൺ എയിഡഡ് കോളേജുകളിൽ അധ്യാപകർക്ക് കൊടുക്കുന്ന ശമ്പളത്തിനും മറ്റാനുകൂല്യമുൾക്കും ഒരു നിയന്ത്രണമേർപ്പെടുത്താൻ ഈ ഗവൺമെന്റ് മുൻകൈ എടുക്കുമ്പോൾ ഇടതുപക്ഷ കക്ഷികൾ അതിനോട് യോജിക്കുകയല്ലേ വേണ്ടത്? ഇത്തരം മേഖലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

അൺ എയിഡഡ് മേഖല പ്രത്യേകിച്ചും വളരെ സ്വതന്ത്രമായി പെരുമാറി, അതിനനുസരിച്ച് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കാൻ ഒരു പുതിയ സംവിധാനം കൊണ്ടുവരുമ്പോൾ ഇടതുപക്ഷ മുന്നണി അതിനോട് യോജിക്കുമെന്നാണ് എല്ലാവരും കരുതിയത്. ഞാൻ നീട്ടിക്കൊണ്ടുപോകുന്നില്ല. ഇവിടെ സിൻഡിക്കേറ്റ് പിരിച്ചുവിട്ടത് പുതിയ കാര്യം പോലെയാണ് പറയുന്നത്. നിങ്ങൾ എന്താണ് ചെയ്തത്? നിങ്ങളുടെ ഭരണ കാലത്ത് എത്രയോ സിൻഡിക്കേറ്റുകളെ പിരിച്ചുവിട്ടു. ശ്രീ. മൈക്കിളിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഡോ. കെ. എൻ. പണിക്കർ എത്ര വയസ്സിലാണ് റിട്ടയർ ചെയ്തത്? 69 വയസ്സുവരെ അദ്ദേഹം ഈ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിരുന്നു. അതിന് ഈ ഗവൺമെന്റ് അനുമതി കൊടുത്തു. നിങ്ങൾ കൊണ്ടുവന്നതുപോലെ 65 വയസ്സ് പരിമിതപ്പെടുത്തി ഒരു ചെറിയ ഭേദഗതി ഓർഡിനൻസിലൂടെയും അതിനുശേഷം നിയമനിർമാണത്തിലൂടെയും വന്നിരുന്നുവെങ്കിൽ ഡോ. കെ. എൻ. പണിക്കരെപ്പറ്റി ഇന്നിവിടെ സംസാരിക്കേണ്ടതില്ലായിരുന്നു. അത്രമാത്രം ഒരു ജനാധിപത്യ നീതിബോധം ഈ ഗവൺമെന്റ് വച്ചുപുലർത്തുന്നു. രാഷ്ട്രീയവൽക്കരണം ഇല്ലാതാകുന്നു എന്നുള്ളതിന് ഏറ്റവും വലിയ ഉദാഹരണമല്ലേ അത്? നിങ്ങൾ പിരിച്ചുവിട്ടതുപോലെ സിൻഡിക്കേറ്റുകൾ രാഷ്ട്രീയ പ്രേരിതമായി പിരിച്ചുവിട്ട ഒരു കാലഘട്ടവുമുണ്ടായിട്ടില്ല. ഇത് കാലാന്തി കഴിഞ്ഞ് പിരിട്ടുവിട്ടതാണ്; അതല്ലേ സത്യം? ആ സാഹചര്യത്തിൽ എനിക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് നിർദ്ദേശിക്കാനുള്ളത് സമഗ്രമായ ഒരു എക്സലൻസായി എല്ലാ സർവ്വകലാശാലകളും മാറത്തക്ക വിധത്തിൽ സമാധാനപരമായ വിദ്യാഭ്യാസ സംവിധാനം നിലനിർത്താൻ കഴിയത്തക്ക വിധത്തിൽ, ഒരു സമഗ്ര നിയമനിർമ്മാണം ഇതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവരണമെന്നുള്ള നിർദ്ദേശത്തോടുകൂടി ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഇവിടെ ചില അഭിപ്രായ വ്യത്യാസങ്ങൾ വന്നെങ്കിൽപ്പോലും ആരോഗ്യകരമായ ഒരു അക്കാഡമിക് ചർച്ച നടന്നു എന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഏകീകൃത യൂണിവേഴ്സിറ്റി നിയമം പിൻവലിക്കുക വഴി ഗവൺമെന്റിന്റെ സമീപനത്തെപ്പറ്റി ഒരു വാക്കുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ നിയമത്തിൽ ധാരാളം നല്ല വശങ്ങളുണ്ടായിരുന്നു. എല്ലാം നല്ല വശങ്ങളായിരുന്നു. പക്ഷേ ചില വശങ്ങൾ നമ്മുടെ രാജ്യത്ത് വിവാദമുണ്ടാക്കുന്നവയായിരുന്നു. വിദ്യാഭ്യാസ രംഗത്ത് കഴിയുന്നതും വിവാദങ്ങൾ ഒഴിവാക്കി സമന്വയമുണ്ടെങ്കിൽ മാത്രമേ എന്തെങ്കിലും നടക്കുകയുള്ളൂ. സമന്വയത്തിന് വഴിയൊരുക്കാൻ വേണ്ടിയാണ് ആ ബിൽ പിൻവലിച്ചത്. ആ കാഴ്ചപ്പാട് എല്ലാവരും ഉൾക്കൊള്ളുമെന്ന് ഞാൻ വിചാരിക്കുകയാണ്. ആട്ടോണമസ് കോളേജുകളെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. ലോകം മാറുകയാണ്. മാറുന്ന ലോകത്തിനനുസരിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വന്നേ പറ്റുകയുള്ളൂ. മോശമായി പ്രവർത്തിക്കുന്ന കോളേജുകൾക്ക് ആട്ടോണമസ് സ്റ്റാറ്റസ് കൊടുത്താൽ എന്താകുമെന്ന് ചിലയാളുകൾ ചോദിച്ചു. അങ്ങനെ കൊടുത്തിട്ട് ഒരു കാര്യവുമില്ല. അവർക്ക് വർക്ക് ചെയ്യാൻ പറ്റുകയില്ല. ആട്ടോണമസ് സ്റ്റാറ്റസ് നല്ല ക്വാളിറ്റിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾക്കുമാത്രമേ കൊടുക്കാൻ പറ്റുകയുള്ളൂ. അല്ലാത്ത കോളേജുകൾക്ക് കൊടുത്താൽ നിലനിൽക്കില്ല. അവ പൂട്ടിപ്പോകും. മറ്റൊരുകാര്യം, ഇവിടെ എല്ലാവർക്കുമറിയാം, എന്നേക്കാൾ അറിവുള്ള പലരും അപ്പുറത്തുണ്ട്. എല്ലാ കോളേജുകളും യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിട്ട് യൂണിവേഴ്സിറ്റിയുടെ നുകത്തിനുതാഴെ ഒതുങ്ങിക്കഴിയുക എന്നുള്ളത് ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ് തുടങ്ങിയ രണ്ടുമൂന്ന് രാജ്യങ്ങളിൽ മാത്രമേയുള്ളൂ. മറ്റു പല രാജ്യങ്ങളിലും ഈ സിസ്റ്റമില്ല. വികസിക്കാൻ വേണ്ടിയുള്ള സൗകര്യങ്ങൾ അവർക്ക് ചെയ്തുകൊടുത്താൽ എന്തു സംഭവിക്കും? കാര്യങ്ങൾ റീസ്ട്രക്ച്ചർ ചെയ്ത് പുതിയ കോഴ്സുകൾ ആരംഭിക്കണം. തമിഴ്നാട്ടിൽ നന്നായി നടക്കുന്ന കോളേജുകൾക്ക് ആട്ടോണമസ് സ്റ്റാറ്റസ് കൊടുത്തപ്പോൾ അവ അതിഗംഭീരമായി ഉയർന്നുവന്നു. അത് നമ്മുടെ മുന്നിലുള്ള അനുഭവമാണ്. അതിന് enabling provision മാത്രമേയുള്ളൂ. നമുക്കും അത് നോക്കിയിട്ട് കൊടുക്കണമെങ്കിൽ കൊടുക്കാം, കൊടുക്കാതിരിക്കുകയാണെങ്കിൽ കൊടുക്കാതിരിക്കാം. സംവരണത്തിന്റെ കാര്യം ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞു. ഞാൻ അതിന് മറുപടിയും പറഞ്ഞു. പിന്നെ സംസ്കൃത യൂണിവേഴ്സിറ്റിയുടെ കാര്യം പറഞ്ഞത് ഞാൻ വായിച്ചു. അങ്ങുപറഞ്ഞത് ശരിയാണ്. ഒരു വകുപ്പുണ്ടായിട്ടും യൂണിവേഴ്സിറ്റി അത് പാലിക്കുന്നില്ലല്ലോ എന്നുചോദിച്ചാൽ ഇല്ല. നടപടി എടുക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. നടപടിയെടുക്കണം. അത് എങ്ങനെയെടുക്കാൻ കഴിയുമെന്നുള്ളത് ഗൗരവമായി ചിന്തിക്കണം. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടുപ്രകാരമുള്ള സംവരണതത്വം യൂണിവേഴ്സിറ്റികളിൽ പാലിച്ചിട്ടില്ല. അത് പാലിക്കണം. പിന്നെ registered graduates-നെപ്പറ്റി പറഞ്ഞു. അതിനെപ്പറ്റി ഞാൻ ആലോചിച്ചു. Trade Union Constituency-യെപ്പറ്റിയും ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. Reflection of the cross section of the society എന്ന ഒരു കാഴ്ചപ്പാടുണ്ട്. സമൂഹത്തിന്റെ എല്ലാ ഭാഗത്തിന്റേയും ഒരു പ്രതിഫലനം അതിൽ വേണം. ഈ പറഞ്ഞ എല്ലാ വിഭാഗങ്ങളിലും ബിരുദധാരികളുണ്ട്. Trade Union Constituency-ക്ക് ഒരു പ്രസക്തിയുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു പ്രസക്തിയുണ്ട്. ട്രേഡ് യൂണിയനുകൾക്ക് എന്താണ് കാര്യമെന്ന് ചോദിക്കുന്നതു പോലെയല്ല. സമൂഹത്തിന്റെ പരിച്ഛേദം ആണ്. സമൂഹത്തിന്റെ പരിച്ഛേദമെന്നുള്ള നിലയിൽ യൂണിവേഴ്സിറ്റികളിൽ അത്തരം വിഭാഗങ്ങൾ റിഫ്ളക്ട് ചെയ്യപ്പെടണം. അതുകൊണ്ട് ഞങ്ങളത് "എടുത്തുകളയാൻ ഉദ്ദേശിക്കുന്നില്ല. സ്റ്റുഡന്റ്സ് ഇലക്ഷനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. നമുക്ക് എന്തു ചെയ്യാൻ പറ്റും? കോടതിയുടെ ഒരു വിധിയുണ്ട്. സുപ്രീംകോടതിയിൽ ഒരു കേസ് നിലനിൽക്കുന്നതിനാൽ നിയമ നിർമ്മാണത്തിലേയ്ക്കു പോകുന്നതുകൊണ്ട് ഗുണമുണ്ടാകില്ല. എൻ.ഒ.സി. കൊടുത്ത ചില സ്ഥാപനങ്ങളുടെ ബാഹുല്യത്തെക്കുറിച്ച് ശ്രീ. ടി. പി. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചു. വളരെ പ്രസക്തമായ കാര്യമായിട്ടാണ് ഞാൻ അതിനെ കാണുന്നത്. രണ്ട് സുപ്രധാന കാര്യങ്ങളിൽ തീരുമാനമെടുത്ത വിവരം സഭ അറിഞ്ഞുകൊണ്ടുമെന്ന് വിചാരിക്കുകയാണ്. ബി.എഡ് കോളേജുകളുടെ കാര്യത്തിൽ, ഞങ്ങൾ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇനി ബി.എഡ് കോളേജുകൾ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ അത് എവിടെ? ഇങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി നീഡ് സർവ്വേ നടത്തിയിട്ടു മാത്രമേ കൊടുക്കുകയുള്ളൂ. എൻജിനീയറിംഗ് കോളേജുകളുടെ കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കുന്നവർക്കെല്ലാം എൻ.ഒ.സി. കൊടുക്കുന്ന ഒരു സമീപനം ഇനി മുതൽ ഇല്ല. ഇവിടെ ഇനി എൻജിനീയറിംഗ് കോളേജുകൾ വേണമോ വേണ്ടയോ എന്നതിനെപ്പറ്റി വ്യക്തമായ ഒരു അക്കാഡമിക് സർവ്വേ നടത്തിയിട്ടു മാത്രമേ കൊടുക്കുകയുള്ളു. വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. കൂൺ മുളച്ചു വരുന്നതുപോലെ ഒരുപാട് സ്ഥാപനങ്ങൾ ഉണ്ടായിട്ടു കാര്യമില്ല.

ശ്രീ. മത്തായി ചാക്കോ: കേരളത്തിന്റെ 50 കൊല്ലത്തെ ചരിത്രമെടുത്തു നോക്കിയാൽ എല്ലാ സർവ്വകലാശാലകളിലുംകൂടി 109 ബി.എഡ്. കോളേജുകളാണ് ഇതുവരെ തുടങ്ങിയിട്ടുള്ളത്. നിങ്ങൾ ഒറ്റയടിക്ക് 76 എണ്ണം കൊടുത്തു. അഡീഷണലായി തീരുമാനങ്ങളെടുത്തതിന്റെ അടിസ്ഥാനത്തിൽ വേറെയും കൊടുത്തു. ഇങ്ങനെയൊരു തീരുമാനമെടുക്കുന്നതിൽ എന്ത് യുക്തിയാണുള്ളത്? യാതൊരു യുക്തിയുമില്ല. കൊടുക്കേണ്ട നിങ്ങളുടെ ആളുകൾക്കു മുഴുവൻ കൊടുത്തു.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: യൂണിവേഴ്സിറ്റികൾ ഇപ്പോഴും ശുപാർശ ചെയ്യുന്നുണ്ട്. നമ്മളെ സംബന്ധിച്ചിടത്തോളം ആവശ്യങ്ങളെപ്പറ്റി ശാസ്ത്രീയമായ ഒരു സർവ്വേ നടത്തേണ്ടതുണ്ട്. യൂണിവേഴ്സിറ്റികളെക്കുറിച്ച് ശ്രീ. മത്തായി ചാക്കോയ്ക്ക് അറിയാവുന്നത്ര ഞങ്ങൾക്കറിയില്ല. നിങ്ങളുടെ സ്ഥലത്ത് ഒരു കോളേജ് തുടങ്ങിയല്ലോ? നിങ്ങൾ എല്ലാവരും കൂടി കുട്ടികളെ കഷ്ടത്തിലാക്കിയില്ലേ? ഞങ്ങൾ രക്ഷപ്പെടുത്തിയ ആ കുട്ടികൾ ഇന്നും പഠിക്കുന്നു. ഒരു തെറ്റിദ്ധാരണയും ആർക്കും വേണ്ട. യൂണിവേഴ്സിറ്റികളുടെ സ്വയംഭരണാവകാശത്തെക്കുറിച്ചും ഗവൺമെന്റ് ഇടപെടേണ്ടതിനെക്കുറിച്ചുമെല്ലാം നിങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ഗവൺമെന്റ് ഇടപെടാൻ പോകുന്നില്ല. നിങ്ങൾക്കുള്ള ഒരു പ്രശ്നമെന്താണെന്നു വച്ചാൽ ഓർമ്മശക്തി വളരെ കുറവാണ് എന്നതാണ്. ഇപ്പോൾ നിങ്ങൾ പറയുന്നു, യൂണിവേഴ്സിറ്റികൾ അങ്ങനെ പിരിച്ചു വിടുന്നു, ഇങ്ങനെ പിരിച്ചു വിടുന്നു എന്നൊക്കെ. ഞാൻ പറഞ്ഞല്ലോ, ഞങ്ങൾക്ക് ചെയ്യാമായിരുന്നുവെങ്കിൽ, അവിടെ നിങ്ങൾ എടുത്ത ആളുകളെ മുഴുവൻ ഞങ്ങൾക്കു തന്നെ എടുക്കാമായിരുന്നല്ലോ? ഞങ്ങൾ എന്താണ് അങ്ങനെ ചെയ്യാത്തത്? അതു നീതിപൂർവ്വം നടക്കട്ടെ എന്ന് കരുതിയാണ്. പിന്നെ നിങ്ങൾ പറഞ്ഞു ഞങ്ങൾ ഇലക്ഷൻ നീട്ടിക്കൊണ്ടു പോകുമെന്ന്. ഞങ്ങൾ നീട്ടിക്കൊണ്ടു പോകില്ല. ആറു മാസത്തിനുള്ളിൽ ഇലക്ഷൻ നടത്തുമല്ലോ? നോട്ടിഫൈ ചെയ്തു ഇലക്ഷനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. നിങ്ങളെ പ്രൊവോക്ക് ചെയ്യാൻ വേണ്ടി പറയുകയല്ല. ഇതു 1998-ലെ നിയമമാണ്. 1998-ലെ നിയമം വച്ചുകൊണ്ട് പാസ്സാക്കിയ ഒരു ആക്ടാണ്. നിങ്ങളുടെ കാലത്ത് പാസ്സാക്കിയ ആക്ടാണ്. ഇതിൽ ഒരു വകുപ്പ് ഞാൻ വായിച്ചു കേൾപ്പിക്കാം. Dissolution of Senate and Syndicate:—(1) Notwithstanding anything contained in the principal Act, or the statutes made there under, on and from the date of commencement of Calicut University Amendment Act 1997, the Senate and the Syndicate of the University of Calicut shall stand dissolved and all the members of the said authorities shall be deemed to have vacated their offices as such, on such dissolution. നിങ്ങളുടെ കാലത്തു എന്താണ് ചെയ്തത്? ഞങ്ങൾ പ്രായവും കാലാവധിയും കഴിഞ്ഞ സിൻഡിക്കേറ്റിനെയാണ് പിരിച്ചു വിട്ടതെങ്കിൽ, നിങ്ങൾ അതിന് ജീവനുള്ള കാലത്താണ്

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചുവിട്ടത്. 108 ആളുകളുള്ള സിൻഡിക്കേറ്റിൽ എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി, ശ്രീ. എം. ടി. വാസുദേവൻനായർക്ക് ഡി.ലിറ്റ് അവാർഡും കൊടുത്തതിനുശേഷം ചെറിയൊരു ഫംഗ്ഷനും കഴിഞ്ഞാണ് പിരിച്ചു വിട്ടത്. മറ്റു പല കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. സെനറ്റ് ഇലക്ഷനിൽ മൽസരിച്ച് തോറ്റ ആളുകളെ ആ കാലഘട്ടത്തിൽ സിൻഡിക്കേറ്റിലേയ്ക്ക് എടുത്തു. നമ്മൾ എല്ലാം ചിന്തിക്കേണ്ട ഒരു കാര്യം, യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ആട്ടോണമി എന്ന പേരിൽ അമിതമായ ചില സ്വാതന്ത്ര്യങ്ങൾ യൂണിവേഴ്സിറ്റികൾ അനുഭവിക്കുന്നുണ്ട്. അതു സ്പർശിക്കരുതെന്നു പറഞ്ഞ് നമ്മൾ അവരെ വിട്ടു കളഞ്ഞാൽ എന്താണ് ഉണ്ടാകാൻ പോകുന്നത്? അതു കൂടുതൽ ദോഷത്തിലേയ്ക്കേ പോകൂ. പത്തോ പതിനഞ്ചോ സിൻഡിക്കേറ്റു മെമ്പർമാർ കൂടുന്ന ഡെമോക്രസിക്ക് മാത്രമേ വിലയുണ്ടാകൂ. മൂന്നു കോടി ജനങ്ങൾ അധിവസിക്കുന്ന ഒരു രാജ്യത്ത്, അവർ തെരഞ്ഞെടുത്തയയ്ക്കുന്ന 140 പേരുൾക്കൊള്ളുന്ന ഒരു നിയമസഭ, ആ നിയമസഭ പാസ്സാക്കേണ്ട നിയമം, ആ ജനാധിപത്യത്തെക്കാൾ വലുതാണോ പത്തോ പതിനഞ്ചോ സിൻഡിക്കേറ്റ് അംഗങ്ങൾ കൂടുന്ന ജനാധിപത്യം? അവർക്ക് വലിയ ബഹുമതികൾ കൊടുക്കുന്നതിൽ അർത്ഥമില്ല. പിന്നെ ഫണ്ടിന്റെ കാര്യം ഇക്കൊല്ലം ഗ്രാന്റ് കൂട്ടിക്കൊടുത്തല്ലോ? ഇപ്രാവശ്യത്തെ ബഡ്ജറ്റിലും യൂണിവേഴ്സിറ്റിക്ക് നമ്മൾ ഏറെ പണം നീക്കി വച്ചിട്ടുണ്ട്. സമഗ്രമായ ഒരു നിയമത്തെപ്പറ്റി പറഞ്ഞു. ഇനി ഒരു ഘട്ടത്തിൽ നമുക്ക് അതാവശ്യമാണെങ്കിൽ കൂടിയാലോചിച്ച് ചെയ്യാം. എല്ലാവരുടെയും സഹകരണം ഉണ്ടാകണം. സമന്വയം ഈ രംഗത്തുണ്ടാകണം. അതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതു വച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഒരിക്കൽ കൂടി എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നിരാകരണ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഭേദഗതികൾ പിൻവലിക്കുന്നതിനെ അനുകൂലിക്കുന്നവർ.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മത്തായി ചാക്കോ: ശ്രീ. പി. ജെ. ജോയി സീറ്റിലില്ല.

മി. സ്പീക്കർ: ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച പ്രമേയം ഹൗസിനു മുമ്പിൽ വന്നു കഴിഞ്ഞു. ഇനി അതു പിൻവലിക്കണമെങ്കിൽ സഭയുടെ അംഗീകാരം വേണം. ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപറയും പ്രകാരം വോട്ട് രേഖപ്പെടുത്തി

അനുകൂലിക്കുന്നവർ—50

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, പി. കെ. അബ്ദുറബ്ബ്
3. ,, കെ. അച്ചുതൻ
4. ,, സി. ടി. അഹമ്മദ് അലി
5. ,, എൻ. ഡി. അപ്പച്ചൻ
6. ,, ഇ. എം. അഗസ്തി
7. ,, കെ. ബാബു
8. ,, പി. കെ. കെ. ബാവ
9. ,, ടി. വി. ചന്ദ്രമോഹൻ
10. ,, കെ. എ. ചന്ദ്രൻ
11. ,, എം. എ. ചന്ദ്രശേഖരൻ
12. ,, പി. പി. ജോർജ്
13. ,, ഇസ്ഹാക്ക് കുരിക്കൾ
14. ,, ഉമ്മൻ ചാണ്ടി
15. ,, എം. കെ. പോൾസൺ മാസ്റ്റർ
16. ,, വി. ജെ. പൗലോസ്
17. ,, ടി. എൻ പ്രതാപൻ
18. ,, ജോണി നെല്ലൂർ
19. ,, പി. ജെ. ജോയി

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. വർക്കല കഹാർ
21. ,, കെ. എൻ. എ. ഖാദർ
22. ,, ലൂഡി ലൂയിസ്
23. ,, സി. മമ്മൂട്ടി
24. ,, ഇ. ടി. മുഹമ്മദ് ബഷീർ
25. ,, കെ. മോഹൻ കുമാർ
26. ,, ആര്യാടൻ മുഹമ്മദ്
27. ,, കെ. നാരായണക്കുറുപ്പ്
28. ,, എഴുകോൺ നാരായണൻ
29. ,, കെ. കെ. ഷാജു
30. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
31. ശ്രീമതി മാധാ രാഘവൻ
32. ശ്രീ. യു. സി. രാമൻ
33. ,, തമ്പാനൂർ രവി
34. ,, റോഷി അഗസ്റ്റിൻ
35. ,, എൻ. ശക്തൻ
36. ,, കെ. ശങ്കരനാരായണൻ
37. ശ്രീമതി മാരേത്ത് സരളാദേവി
38. ശ്രീ. വി. ഡി. സതീശൻ
39. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
40. ശ്രീ. എ. സുജനപാൽ
41. ,, സി. എഫ്. തോമസ്
42. പ്രൊഫ. കെ. വി. തോമസ്
43. ശ്രീ. പി. ടി. തോമസ്
44. ,, തോമസ് ചാഴികാടൻ
45. ,, തോമസ് ഉണ്ണിയാടൻ
46. ,, ഉമേഷ് ചള്ളിയിൽ
47. ,, എം. എ. വാഹീദ്
48. ,, കെ. സി. വേണുഗോപാൽ
49. ,, ബി. വിജയകുമാർ
50. ,, വക്കം പുരുഷോത്തമൻ

പ്രതികൂലിക്കുന്നവർ—23

1. ശ്രീ. എ. എ. അസീസ്
2. ,, കൊടിയേരി ബാലകൃഷ്ണൻ
3. ,, ടി. കെ. ബാലൻ

2/2313/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

4. ശ്രീ. വി. കെ. ചന്ദ്രൻ
5. ,, ടി. കെ. ദേവകുമാർ
6. ,, പി. സി. ജോർജ്
7. ,, എം. വി. ഗോവിന്ദൻ മാസ്റ്റർ
8. ,, കെ. കെ. ജയചന്ദ്രൻ
9. ,, എം. വി. ജയരാജൻ
10. ,, എം. കുമാരൻ
11. ,, വി. കെ. സി. മമ്മത് കോയ
12. ,, മത്തായി ചാക്കോ
13. ,, കെ. പി. മോഹനൻ
14. ,, എ. സി. മൊയ്തീൻ
15. ,, സി. കെ. നാണു
16. ,, കെ. രാധാകൃഷ്ണൻ
17. ,, കെ. പി. രാജേന്ദ്രൻ
18. ,, ടി. പി. രാമകൃഷ്ണൻ
19. ,, സാജു പോൾ
20. ,, കെ. പി. സതീശ് ചന്ദ്രൻ
21. ,, എ. സി. ഷൺമുഖ ദാസ്
22. ശ്രീമതിപി. കെ. ശ്രീമതി ടീച്ചർ
23. ഡോ. തോമസ് ഐസക്

നിക്ഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 50

പ്രതികൂലിക്കുന്നവർ - 23

നിക്ഷ്പക്ഷതപാലിക്കുന്നവർ- ആരുമില്ല

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: 2005-ലെ കേരള സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(7) 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) 8.00 p. m ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർമാർക്ക് കൃാന്റീനിൽ ഭക്ഷണം ശരിയായിട്ടുണ്ട്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

VIII (a) ക്രമപ്രശ്നം

ധനകാര്യ മെമ്മോറാണ്ടത്തിൽ അപാകതയുണ്ട് എന്നത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ : ഇപ്പോൾതന്നെ മണി എട്ടായി. ഞങ്ങൾ വളരെ വിഷമിക്കുകയാണ്. അങ്ങും വിഷമിക്കുകയാണെന്ന് അറിയാം. ഇത് അത്ര അടിയന്തിരപ്രാധാന്യമുള്ള ഒരു നിയമമാണെന്ന് തോന്നുന്നുമില്ല. എന്തായാലും എല്ലാപേരും കൂടി സഹിക്കുകതന്നെ. നിയമസഭയിൽ ഇങ്ങനെയൊരു അവസ്ഥ ഉണ്ടാകാൻ പാടില്ലെന്ന അഭ്യർത്ഥനകൂടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly